For Private circulation only

# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---



GULF EDITION

Issue No.12, March 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN

# THE BILLY GRAHAM
## WHO LIVES IN MY MEMORY





Dr. P.C. Abraham

It was in July 1983 at the Conference center in Amsterdam where Billy Graham Evangelistic Association has invited church leaders and evangelists from all over the world for a two weeks conference. Late Pastor T T Joseph and myself represented Bahrain. During one of the plenary sessions, there was an opportunity for any one from the floor of over 6000 delegates to ask any questions to Dr. Graham for an answer. There was several standing in line to shoot their questions. Let me paraphrase three of them:

*Dr. Graham, You are a world renowned evangelist. You are a celebrity in the Christian world. How do you handle this enormous popularity?*

**Answer:** I want to correct you first. I am not a celebrity. I am an evangelist. I am a servant of the Lord Jesus Christ. I am accountable to him and hence nothing for me to boast. Every day before retiring to my bed, I review the events of the day, the people whom I met and the commendations and accolades I received on that day. I take all of them to the lord and present them to him as my bouquet to him, saying, Lord I don't deserve any of these. Hence you keep them with you. And I flush them out of my mind.

You perhaps don't know how much criticisms I receive every day to discourage me. These are mostly brickbats thrown at me. I take these brickbats also to the Lord, saying I don't deserve them either. It is better that you keep them with you. I flush them also out of my mind. I am what I am by the grace of God. So popularity is not my concern.

*Dr. Graham, what is the secret of the hundreds and thousands responding to your invitation and walk down the aisle publicly to receive Christ?*

Gospel message is simple. As I immerse myself in the message through prayer God works in people's heart. Many are praying for a plentiful harvest. It is the work of God.

.....Continued on Page 8

കാര്യ വിചാരം

# ഏകമുഖരും ദ്വിമുഖരും



സണ്ണി തോമസ്, പുതുപ്പള്ളി

ഡൽഹിയിലെ ചാന്ദിനി ചൌക്കും ബഹറിനിലെ ചോർ ബസാറും ഒക്കെ വിലപേശലിന്നു കേൾവി കേട്ടതാണ്. The smarter you bargain, the lower the price that you will be able to get. ശലോമോന്റെ കാലത്തും ഇന്നും ലോകത്തെവിടേയും നിലനിൽക്കുന്ന ഒരു വച്ചവട തന്ത്രമാണ് വിലപേശൽ. വിലപേശൽ, വിൽക്കുവാനുള്ള സാധനം, ലഭ്യത, ആവശ്യകത, കടയുടെ സ്വഭാവം, ദേശത്തെ സംസ്ക്കാരം മുതലായവയെ ആശ്രയിച്ചിരിക്കുന്നു. വിൽക്കുന്നവനും വാങ്ങുന്നവനും തമ്മിൽ നടത്തുന്ന വാദപ്രതിവാദത്തിലൂടെ രണ്ടുപേരും അന്യോന്യം പരീക്ഷിക്കുന്നു, പരീക്ഷിക്കപ്പെടുന്നു. അവസാനം ഒരു ഉടമ്പടിയിൽ ചെന്നെത്തുന്നു.

'വിലെക്കു വാങ്ങുന്നവൻ ചീത്ത ചീത്ത എന്നു പറയുന്നു; വാങ്ങി തന്റെ വഴിക്കു പോകുമ്പോഴോ അവൻ പ്രശംസിക്കുന്നു'. "It is (almost) worthless, it is (almost) worthless", says the buyer (as he negotiate the price); But when he goes his way, then he boasts (about his bargain). Proverbs 20:14.

സാധനം വാങ്ങിക്കുന്നവൻ അതിന്റെ പോരായ്മകളെ വാഴ്ത്തുന്നതോടൊപ്പം മറ്റു പല സൂത്രങ്ങളും പ്രയോഗിക്കുന്നു - ഇതിന്റെ ക്വാളിറ്റി അത്ര പോരാ, മെയിട് ഇൻ ചൈനയാണല്ലേ, താങ്ങൾ ഈ ചോദിക്കുന്ന വിലക്കൊന്നും ഇല്ല (ഉണ്ടെങ്കിലും), അപ്പുറത്തു ഇതിന്റെ പകുതി വിലക്കു കിട്ടും (കിട്ടുകയില്ല), എനിക്കു വേണ്ടതു വേറൊരു കളർ ആയിരുന്നു. ഇപ്പോൾ ഇതിന്റെ വലിയ ആവശ്യമൊന്നുമില്ല. പിന്നെ വേണ്ടന്ന വ്യാജേന നടന്നു നീങ്ങുന്നു...ഇങ്ങനെ പോകുന്നു അടവുകൾ.

ഏറ്റവും കുറഞ്ഞ വിലക്കു തരപ്പെടുത്തിയ സാധനവുമായി പോകുന്നവൻ വഴിക്കു കാണുന്ന കൂട്ടുകാരോടും വീട്ടിൽ ചെന്നു ഭാര്യയോടും മക്കളോടും തന്റെ സാഹസീകതയെക്കുറിച്ചും തനിക്കു കിട്ടിയ നേട്ടത്തെക്കുറിച്ചും സാധനത്തിന്റെ മഹിമയെക്കുറിച്ചും വാചാലനാകുന്നു, "I got a steal today!" ( ഇന്നെനിക്കൊരു കൊള്ള കിട്ടിയിട്ടുണ്ട്!). സ്വയം പ്രശംസിക്കുന്നതോടൊപ്പം തന്റെ കുറ്റസമ്മതം കൂടി നടത്തുന്നു. പലപ്പോഴും കള്ളം പറഞ്ഞും വിൽക്കുന്നവന്റെ ദൌർബല്യം മുതലെടുത്തും സാധനം തട്ടിയെടുത്തതിലുള്ള മിടുക്ക്.

വിൽപ്പനയിൽ കള്ളത്തരം കാണിക്കുന്നവനെ ദൈവം വെറുക്കുന്നു. രണ്ടുതരം തൂക്കവും രണ്ടുതരം അളവും രണ്ടും ഒരുപോലെ യഹോവെക്കു വെറുപ്പു. നിന്റെ സഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടുതരം പടി ഉണ്ടാകരുത്. കള്ളത്തുലാസ്സും കള്ളപ്പടികൾ ഇട്ട സഞ്ചിയുമുള്ളവനെ നിർമ്മലനായി എണ്ണുമോ ? കള്ളത്തുലാസും കൊള്ളരുത്. ഒത്ത തുലാസ്സും ഒത്ത കട്ടിയും ഒത്ത പറയും ഒത്ത ഇടങ്ങഴിയും നിങ്ങൾക്കു ഉണ്ടായിരിക്കേണം; ഒത്ത വെള്ളിക്കോലും ത്രാസും യഹോവക്കുള്ളവ; സഞ്ചിയിലെ പടി ഒക്കെയും അവന്റെ പ്രവൃത്തിയാകുന്നു.

അപ്പോൾ പിന്നെ വാങ്ങുന്നതിൽ കള്ളത്തരം പ്രയോഗിക്കുന്നവനേയോ ? 'ഹും...ഈ വിലക്കു തരുവാൻ ഞാൻ നിർബന്ധിച്ചൊന്നുമില്ലല്ലോ, അവന്നു പ്രായമുണ്ടല്ലോ, നഷ്ടമാണെങ്കിൽ അവൻ ഒരിക്കലും തരത്തില്ല, അവനാരാ മോൻ'. ഇങ്ങനെ പോകുന്നു ന്യായവാദങ്ങൾ.

.....ശേഷം 14 -ാം പേജിൽ

## HH കുഞ്ഞാപ്പി & ഇന്നാമ്മ



## EDITORIAL

# ദിവ്യസ്വഭാവം



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

'അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതികരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു'.

പുതിയനിയമത്തിൽ കാണുന്ന ഒരു പദപ്രയോഗമാണ് ദൈവഭക്തി എന്നത്. ഭക്തി എന്നതിന് സാധാരണ ഉപയോഗിക്കുന്ന പദമല്ല ഇത്. ദൈവീക സ്വഭാവവുമായി ചേർത്ത് ചിന്തിച്ചാൽ ജഡത്തിൽ വെളിപ്പെട്ട ദൈവീക സ്വഭാവത്തിന്റെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു എന്ന് മനസിലാക്കാം. ജഡത്തിൽ വെളിപ്പെട്ടു എന്ന ഭാഗം ശ്രദ്ധിക്കുക. ദൈവീക സ്വഭാവം ജഡത്തിൽ വെളിപ്പെട്ടു എന്നു പറയുമ്പോൾ ഇത് ക്രിസ്തുവിനെപ്പറ്റി ആണെന്നതിന് സംശയമില്ല. ദൈവീക സ്വഭാവം ക്രിസ്തുവിൽ ദേഹരൂപം പ്രാപിച്ചു. ആ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു എന്നിലും നിങ്ങളിലും വസിക്കുന്നു. അപ്പൊസ്തലനായ പത്രോസ് പറയുന്നു ' ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശംവിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു'– 2 പത്രോ.1:4. നാം ദൈവമായിത്തീരുകയല്ല, പക്ഷെ ക്രിസ്തു എന്നിലും ഞാൻ ക്രിസ്തുവിലും ആകുമ്പോൾ ആ ദിവ്യസ്വഭാവത്തിന്റെ കൂട്ടാളിയായിത്തീരുന്നു എന്ന മഹത്തും അത്ഭുതകരവുമായ അനുഭവത്തിലെത്തിച്ചേരുന്നു.

യേശുക്രിസ്തുവിനെപ്പറ്റിയാണല്ലോ ദിവ്യസ്വഭാവം ജഡത്തിൽ വെളിപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നത്. ഈ വെളിപ്പെടുത്തൽ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതോടുകൂടി അവസാനിക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. ആ ദിവ്യസ്വാഭാവം നമ്മിൽ പകർന്നത് ക്രിസ്തു ഭൂമിയിൽ എങ്ങനെ ആയിരുന്നോ അതുപോലെ ആയിരിക്കുവാനാണ്. പിതാവ് പുത്രനെ അയച്ചതുപോലെ നമ്മേയും അയയ്ക്കുകയാണ് ഭൂമിയിൽ എല്ലായിടവും ഈ ദിവ്യസ്വഭാവത്തിന്റെ വാഹകരായി. അങ്ങനെ ക്രിസ്തുവിൽ നിന്നും നമ്മിലേക്ക് പകർന്ന ദിവ്യസ്വഭാവത്തിന്റെ പകർച്ച നമ്മിൽ നി ന്നും കുടുംബത്തിലേക്കും കുടുംബങ്ങൾ കൂടിവരുന്ന സഭയിലേക്കും തുടർന്നുകൊണ്ടി രിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. ഇത് എത്ര അത്ഭുതകരമായ കാര്യമാണല്ലേ! ഇത് മഹത്വമേറിയ യാഥാർത്ഥ്യം ആയിരിക്കുമ്പോൾ തന്നെ വെല്ലുവിളിയും ആണ്.

ദൈവം എല്ലായ്പ്പോഴും തന്റെ മക്കളെ, അവരുടെ യഥാർത്ഥ സ്വഭാവത്തിലേക്ക് മുഖാമുഖം കൊണ്ടുവരുന്നതിന് ശ്രമിക്കുന്നു. തന്റെ മക്കൾ ആ ദൗത്യം ഏറ്റെടുത്ത് അത് സാക്ഷാത്കരിക്കണമെന്നും ദൈവം ആവശ്യപ്പെടുന്നു. നമ്മെ വിളിച്ചിരിക്കുന്നതിന്റെ പരമപ്രധാനമായ ഉദ്ദേശം അവന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തുക എന്നതാണ്. ഇതു തീരെ നിസാരമെന്ന് തോന്നാം. പക്ഷെ ഇന്നത്തെ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ അത് അങ്ങനെ അല്ല. മതപരമായ മീറ്റിംഗുകൾ നടത്തുക, സേവനപ്രവർത്തനങ്ങൾ നടത്തുക, മതപരമായ കാര്യങ്ങൾ ഭൂമിയിൽ സജീവമാക്കി നില




നിർത്തുക ഇതൊക്കയാണ് നമ്മെ വിളിച്ചതിന്റെ പിന്നിലുള്ള ഉദ്ദേശമെന്ന് പലരും ചിന്തിക്കാറുണ്ട്. ഇതുപോലെ പലകാര്യങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെടുത്താം. കർത്താവായ യേശുക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തുന്നതിൽ കുറഞ്ഞതൊന്നും ന്യ ായീകരണമായി നമുക്ക് നിരത്തുവാൻ കഴിയുകയില്ല. നാം കൂടിവരുമ്പോൾ എല്ലായ്പ്പോഴും അവന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തണം. അതിനു കഴിയാതെ വന്നാൽ, കർത്താവിന്റെ മകൻ, മകൾ എന്നു വിളിക്കപ്പെടുവാൻ നാം യോഗ്യരല്ല. ക്രിസ്തുവിന്റെ ജഡത്തിൽ വെളിപ്പെട്ട ദിവ്യസ്വഭാവത്തിന്റെ മർമ്മം, അവന്റെ മക്കളായ നമ്മിലും, നമ്മുടെ കുടുംബത്തിലും, നമ്മുടെ സഭയിലും അങ്ങനെ ലോകത്തിലും വെളിപ്പെടുത്തുവാൻ നമ്മെ സമർപ്പിക്കാം....

ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!

Contact:
+973 33552886

### അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിൽ ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്ത്വം എഴുത്തുകാർക്കും പരസ്യദാതാക്കർക്കും മാത്രമാണ്.
–എഡിറ്റർ–

Views and opinions expressed in various articles, features and advertisements in “Hello Hope” are only of the writers and advertisers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
17877171



"Stood up upon their feet,
An exceeding great army!"
Ezekiel 37:10

" We are all one in Christ"
presents

# SPIRITUAL AWAKENING 2018



Guest Speaker:
**Pr. Babu Cherian**
Piravom

## Date: March 20,21,22

## Time: 7pm

At
**Gulf Air Club**
Salmabad
Kingdom of Bahrain




For details, contact:
3663 6169
3913 5010
3984 2199
3616 8314

*All are Welcome*

For private circulation only

# യേശു ആരാണ് ? ബൈബിൾ... 6



പാസ്റ്റർ റ്റി.റ്റി. തോമസ്

മനുഷ്യനോടുള്ള ബന്ധത്തിൽ മാത്രമാണ് യേശു ദൈവപുത്രനാകുന്നത്. അല്ലാത്ത പക്ഷം അവൻ തൃത്വത്തിലെ രണ്ടാമത്ത വ്യക്തിയാണ്. ദൈവം ജഡത്തിൽ വെളിപ്പെട്ടതാണ് ക്രിസ്തു. അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതികരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1 തിമൊ.3:16). ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല (യോഹ.1:1-5). വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹ.1:14).

അങ്ങനെ നമ്മുടെ ഇടയിൽ പാർത്ത കർത്താവ് അനേക കാര്യങ്ങൽ സംസാരിച്ചു. യേശു സംസാരിച്ചു എന്നു പറയുമ്പോൾ, യേശു തന്നെ പറഞ്ഞിരിക്കുന്നു-ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവുതന്നെ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കൽപ്പന തന്നിരിക്കുന്നു. അവന്റെ കൽപ്പന നിത്യജീവൻ എന്നു ഞാൻ അറിയുന്നു; ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവു എന്നോടു അരുളിച്ചെയ്തതുപോലെ തന്നെ സംസാരിക്കുന്നു (യോഹ.12:49-50). മത്തായി, യോഹന്നാൻ എന്നീ രണ്ടു സുവിശേഷങ്ങളിൽ മൊത്തത്തിൽ 49 അദ്ധ്യായങ്ങളും അവയിൽ 1950 വാക്യങ്ങളും ഉണ്ട്. ഇവയിൽ 1140 വാക്യങ്ങൾ സംസാരിച്ചിരിക്കുന്നത് യേശുവാണ്.

### വേദപുസ്തകത്തിലെ സകലഭാഗങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ടവയോ ?

അതേ, വേദപുസ്തകത്തിലെ വായിക്കുവാൻ നമുക്ക് അത്ര സുഖം തോന്നാത്ത പുറപ്പാട് പുസ്തകത്തിലെ യാത്രാ വിവരണവും, ആവർത്തന പുസ്കത്തിലെ പലതിന്റേയും ലിസ്റ്റുകളും മാത്രമല്ല, വേദപുസ്തകത്തിലെ കുത്ത്, കോമ, വള്ളി, പുള്ളി എല്ലാം തന്നെ പരിശുദ്ധാത്മ പ്രചോദനത്താൽ ഉളവായതാണ്. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു; ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയുകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല (മത്താ.5:17-18).




### എഴുത്തുകാർ എത്രമാത്രം ആത്മപ്രചോദിതർ ആയിരുന്നു ?

തിരുവചനത്തിലെ ചില ഭാഗങ്ങൾ ദൈവം സംസാരിച്ച അതേ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ചില ഭാഗങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സംസാരിച്ചവരുടെ വാക്കുകളാണ്. ചില ഭാഗങ്ങൾ ദൈവം അഥവാ ദൈവത്തിന്റെ പരിശുദ്ധാത്മ നിയോഗത്താൽ എഴുത്തുകാരെ നടത്തിയ വിധത്തിൽ എഴുതിയതാണ്. ചില വേദഭാഗങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിലും പ്രേരണയിലും നിയന്ത്രണത്തിലും ആണെങ്കിലും എഴുത്തുകാരുടെ സ്വന്തവാക്കുകളിൽ കാര്യങ്ങളുടെ യാഥാർത്ഥ്യത്തിൽ നിന്നും വ്യതിചലിക്കാതെ എഴുതുവാൻ കഴിഞ്ഞു. ഇങ്ങനെ ദൈവത്തിന്റെ പരുശുദ്ധാത്മാവ് എഴുത്തുകാരെ നിയന്ത്രിക്കുകയും നടത്തുകയും പ്രചോദിപ്പിക്കുകയും ചെയ്തതനുസരിച്ചാണ് ഈ ദൈവവചനം എഴുതിയിരിക്കുന്നത്. അല്ലാതെ സാങ്കൽപ്പികങ്ങളോ കെട്ടു കഥകളോ അല്ല. 3800 ലധികം പ്രാവിശ്യം ഇതിന്റെ എഴുത്തുകാർ അവർ എന്ത് എഴുതണം എന്ന് ദൈവം പറഞ്ഞു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

### വേദപുസ്തകം ദൈവാത്മപ്രേരണയാൽ എഴുതി എന്നതിനുള്ള ചില തെളിവുകൾ.

1. 1600 വർഷംകൊണ്ട് 40 എഴുത്തുകാർ ഭൂമിയുടെ വിവിധ ഭാഗങ്ങളിലിരുന്നെഴുതി എങ്കിലും, ആരുടേയും എഴുത്തുകൾ പരസ്പരം കാണുകയോ ആശയങ്ങൾ പങ്കുവെക്കുകയോ ചെയ്യാതിരുന്നിട്ടുകൂടി ഒന്നിനോടൊന്ന് ചേരുന്നതായിരുന്നു.

2. ഇതിൽ പറഞ്ഞിരിക്കുന്ന ഉപദേശങ്ങൾ, ധാർമ്മികമായ മുന്നറിയിപ്പുകൾ, ചരിത്രപരമായ വസ്തുതകൾ, പ്രാവചനീക സത്യങ്ങൾ, വെളിപ്പാടുകൾ, സാഹിത്യങ്ങൾ, വീണ്ടെടുപ്പുകൾ തുടർന്നുള്ള നിത്യതയിൽ ലഭിക്കുന്ന അവകാശങ്ങൾ എല്ലാം തന്നെ എല്ലാവരുടേയും എഴുത്തുകളിൽ ഒരുപോലെയാണ്.

3. ഈ പുസ്തകം മുഖാന്തരം വിവിധ തലമുറകളിൽ ജീവച്ചിരുന്ന അനേകർ അനുഗ്രഹീതരായി തീർന്നിട്ടുണ്ട്. ഈ ദൈവവചനം കടന്നു ചെന്നിട്ടുള്ള രാജ്യങ്ങളിലെ സംസ്ക്കാരം വർദ്ധിച്ചിട്ടുണ്ട്. ആഫ്രിക്ക, ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ കിരാതന്മാരെ പരിഷ്ക്കാരികളാക്കുവാനും നരഭോജികളെ നരസ്നേഹികളാക്കുവാനും ഈ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. ദൈവവചനത്തെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളവരുടെ ജീവിതത്തിൽ അവരുടെ സ്വഭാവത്തിനു വന്നിട്ടുള്ള മാറ്റം വലുതാണ്.

4. ഇതിൽ എഴുത്തുകാർ അവരുടെ തന്നെ ജീവിതത്തിൽ വന്ന വീഴ്ചകൾ രേഖപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാരൻ സാമാന്യബുദ്ധിയിൽ നിന്നും എഴുതുകയാണ് എങ്കിൽ അവരവരുടെ ജീവിതത്തിലെ പരാജയങ്ങൾ, തെറ്റുകൾ ഒന്നും രേഖപ്പെടുത്തുമായിരുന്നില്ല.

5. സകലമനൂഷ്യരുടേയും ഇപ്പോഴത്തേയും ഭാവിയിലേയും സകല ആവശ്യങ്ങളും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്പൊ വിശ്വസിക്കുന്നതിനാൽ മനുഷ്യന് ലഭിക്കുന്ന വീണ്ടെടുപ്പും, ഭാവി സൗഭാഗ്യങ്ങളും വിവരിക്കുന്നു.

6. ഉടലെടുത്ത സകല സാമ്രാജ്യങ്ങളും മതങ്ങളും ഇതിനെ ഇല്ലാതാക്കുവാൻ ശ്രമിച്ചു, അവയെല്ലാം ഇല്ലാതായി എങ്കിലും ദൈവവചനം ഇന്നും നിലനിൽക്കുന്നു.
7. ഈ പുസ്തകത്തിലെ ഉള്ളടക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നിത്യവും സ്വർഗ്ഗീയവുമായ സ്വഭാവം ഇതിനെ ദൈവത്തിൽ നിന്നും ഉള്ളത് എന്ന് തെളിയിക്കുന്നു.

8. ഒരു താഴിൽ താക്കോൽ കണക്കെ ദൈവവചനം മനുഷ്യന്റെ ആത്മാവിനോട് യോജിക്കുന്നു.

9. ഇതിലെ നിറവേറി കഴിഞ്ഞ പ്രവചനങ്ങൾ ഇതിനെ ദൈവാത്മപ്രേരിതം എന്ന് തെളിയിക്കുന്നു. വേദപഠിതാക്കളുടെ കണക്കനുസരിച്ച് ഏതാണ്ട് 3300 പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറിക്കഴിഞ്ഞു. പലതും ഇന്നും നമ്മുടെ കണ്മുമ്പിൽ നിറവേറിക്കൊണ്ടിരിക്കുന്നു. ബാക്കി ഭാവിയിൽ നിറവേറുകയും ചെയ്യും.

10. ഇതിൽ അനേക അത്ഭുതങ്ങൾ നിറവേറിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നും ദൈവീകവാഗ്ദത്തങ്ങളിൽ ആശ്രയിക്കുന്ന ദൈവജനത്താൽ അനേക അത്ഭുതങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

11. ഇതിൽ ചരിത്രപരമായോ, ഭൂമിശാസ്ത്രപരമായോ, വാനശാസ്ത്രപരമായോ മറ്റ് ഏതെങ്കിലും ശാസ്ത്രപരമായോ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ തെറ്റ് എന്ന് സമർത്ഥിക്കുവാൻ ആർക്കും ഇന്നുവരെ കഴിഞ്ഞിട്ടില്ല.

12. ദൈവവചനത്തിന് ഏത് പരിതസ്ഥിതികളോടും ഇണങ്ങുവാനുള്ള കഴിവുണ്ട്. ഏതു കാലത്തിലേയും ഏതു സംഭവങ്ങൾ എടുത്താലും ദൈവവചനം, വചനമായിത്തന്നെ നിലകൊള്ളുന്നു. ശാസ്ത്രം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു. അങ്ങനെ എത്ര നാൾ പുരോഗമിച്ചാലും ദൈവവചനം അതിന്റെയൊക്കെ മുൻപന്തിയിൽ തന്നെ പരിലസിക്കുന്നു.

## COMMAND & PROMISE OF THE MONTH

| COMMAND | PROMISE |
|---|---|
| **റോമർ 14:12** | **ഗലാത്യർ 4:31** |
| **ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും.** | **അങ്ങനെ സഹോദരന്മാരേ, നാം ദാസിയുടെ മക്കളല്ല സ്വതന്ത്രയുടെ മക്കളത്രേ.** |

# നിദ്രകൊണ്ടവരെക്കുറിച്ച്...

തിരശ്ശീല ക്കപ്പുറം... 3



ജിജോ അങ്കമാലി

തിരശ്ശീലക്കപ്പുറമുള്ള മരണാനന്തര ജീവിതത്തെക്കുറിച്ച് ഏറ്റവും അധികം വെളിപ്പാടുകൾ ലഭിച്ചവരാണ് യോഹന്നാനും പൗലോസും. യോഹന്നാൻ തനിക്ക് ലഭിച്ച വെളിപ്പാടുകളെല്ലാം ഒറ്റപുസ്തകമാക്കി (വെളിപ്പാട് പുസ്തകം) എഴുതി വച്ചു. എന്നാൽ പൗലോസ് പല സമയങ്ങളിലായി പല ഇടങ്ങളിൽ പഠിപ്പിക്കുകയായിരുന്നു.

സഭാസ്ഥാപനത്തോടുള്ള ബന്ധത്തിൽ പൗലോസ് ഏറ്റവും കുറച്ചു നാൾ താമസിച്ച, അഥവ 3 ആഴ്ചത്തെ പ്രവർത്തനം കൊണ്ടുണ്ടായ തെസ്സലോനിക്യാ സഭയിലും (1 തെസ്സ.4:13-18) സഭാസ്ഥാപനത്തിനായ് ഏറ്റവും കൂടുതൽ നാൾ പാർത്ത് പ്രവർത്തിച്ച കൊരിന്തിലും (18 മാസം) മരണാന്തര ജീവിതത്തെക്കുറിച്ച് താൻ പഠിപ്പിച്ചു. 1 കൊരി. 15ലെ 58 വാക്യങ്ങളും ഒരളവോളം ഈ വിഷയത്തിന്റെ വിവധ വശങ്ങളുടെ വിശകലനമാണ്. കാരണം ഏതു കാലത്തെ വിശ്വാസികളും 'നിദ്രകൊണ്ടവരെക്കുറിച്ച് അറിവില്ലാത്തവരായിരിക്കരുത്' (1തെസ്സ.4:13) എന്ന് പോലോസ് ആഗ്രഹിച്ചു. ഈ ലേഖനത്തിലൂടെ നാം പഠിക്കാൻ പോകുന്നതും നിദ്രകൊണ്ടവരുടെ ആത്മാക്കളെക്കുറിച്ചും അവരുടെ അവസ്ഥകളെക്കുറിച്ചുമാണ്.




നിദ്രകൊണ്ടവരെക്കുറിച്ചുള്ള അറിവ് തേടാനായ് നിരവധി ഗവേഷണ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ഓരോ മതങ്ങളും വ്യത്യസ്തങ്ങളായ പാഠഭേദങ്ങൾ നൽക്കുന്നുണ്ട്. എന്നാൽ തിരശ്ശീലക്കപ്പുറമുള്ള സത്യവും യാഥാർത്ഥ്യവുമായ വസ്തുതകളിലേക്ക് തെളിവാർന്ന വെളിച്ചം വീശാനും അറിവു പകരാനും ഇടനൽകുന്ന ഏകഗ്രന്ഥം ദൈവനിശ്വാസിതമായ വേദപുസ്തകം മാത്രമാണ്. കാരണം ഇത് മനുഷ്യ വചനമല്ല പിന്നയോ ദൈവവചനമാണ്. മനുഷ്യർ ദൈവകരങ്ങളിലെ എഴുത്തുകോലുകൾ മാത്രമായിരുന്നു. ആകയാൽ ദൈവവചനം കണ്ണടച്ച് വിശ്വസിക്കാൻ കണ്ണടയുന്നതിനു മുമ്പേ ഏവർക്കും ഇടവരണം.

## മരണാനന്തരം ആത്മാക്കൾ എവിടേക്ക് പോകുന്നു

ഈ ചോദ്യത്തിന് ഏവരും പെട്ടന്ന് പറയുന്ന ഉത്തരം, ഒന്നുകിൽ സ്വർഗ്ഗത്തിലേക്ക് അല്ലെങ്കിൽ നരകത്തിലേക്ക് എന്നാണ്. ദുഷ്ടന്മാർ നരകത്തിലേക്കും നല്ലവർ സ്വർഗ്ഗത്തിലേക്കും എന്നാണ് പൊതുചിന്ത. യാതനയുടേയും തീരാവേദനയുടേയും സ്ഥലമായ് നരകത്തെയും സന്തോഷത്തിന്റെയും സുഖത്തിന്റെയും ഇടമായി സ്വർഗ്ഗത്തെയും മനുഷ്യർ പരിഗണിച്ചുവരുന്നു.

എന്നാൽ സ്വർഗ്ഗവും നരകവും യാഥാർത്ഥ്യമല്ലെന്നും അതെല്ലാം വെറും സങ്കൽപ്പമോ, സമസ്യയോ ആണെന്ന് ചിന്തിക്കുന്നവരും ഇല്ലാതില്ല. അതുപോലെ സ്വർഗ്ഗവും നരകവുമൊക്കെ ഭൂമിയിൽ തന്നെയാണെന്ന് വിചാരിച്ച് ജീവിക്കുന്നവരും കുറവല്ല. ഏതായാലും ഒരു കാര്യം ഉറപ്പാണ് മനുഷ്യന്റെ സ്വപരിശ്രമം കൊണ്ടോ, പരിജ്ഞാനം കൊണ്ടോ, ബുദ്ധികൊണ്ടോ തെളിയിക്കാനോ കണ്ടെത്താനോ കഴിയാത്ത യാഥാർത്ഥ്യങ്ങളിൽ രണ്ടെണ്ണമാണ് സ്വർഗ്ഗവും നരകവും. അവയെല്ലാം മനുഷ്യന്റെ അന്വേഷണ പരധിക്കപ്പുറമുള്ള കാര്യങ്ങളാകയാൽ ദൈവവചനത്തിലേക്ക് തിരിയുകയാണ് കരണീയം. പ്രപഞ്ച രഹസ്യങ്ങൾ പോലും കണ്ടെത്തി കഴിഞ്ഞിട്ടില്ലാത്ത മനുഷ്യൻ അതിനപ്പുറമുള്ള കാര്യങ്ങൾ എങ്ങനെ കണ്ടെത്തും ?

മുകൾ ചോദിച്ച ചോദ്യത്തിന്, മരിച്ച ഉടനെ ഒരാത്മാവ് പോലും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോകുന്നില്ല എന്ന് മറുപടി പറഞ്ഞുകൊണ്ട് തുടർന്നെഴുതുകയാണ്. കാരണം സ്വർഗ്ഗവും നരകവും മനുഷ്യന്റെ ആത്മാക്കൾ അന്തിമമായ് ചിലവഴിക്കുന്ന ഇടങ്ങളാണ്. വ്യത്യസ്ത ഇടങ്ങളിലേക്ക് മനുഷ്യാത്മാവിനെ പറഞ്ഞു വിടുന്നതിന് മുമ്പ് ഓരോ വ്യക്തിയേയും ന്യായം വിധിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ന്യായം വിധിക്കാതെ നേരെ ആത്മാക്കളെ നിത്യാവസ്ഥയിലേക്ക് നീക്കുന്നത് നീതിമാനായ ദൈവത്തിന് നിരക്കുന്ന കാര്യമല്ല. എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് ദൈവനാമമഹത്വത്തിനായ് ഏറ്റ് പറഞ്ഞേ മതിയാകൂ. 'എല്ലാനാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റ് പറകയും ചെയ്യേണ്ടിവരും' (ഫിലി. 2:11) ഇത് ചെയ്യുന്നത് ഒന്നുകിൽ ജീവിച്ചിരിക്കുമ്പോൾ അല്ലെങ്കിൽ ന്യായവിധി നാളിൽ.

## 3 സിംഹാസനങ്ങൾ

**1. ക്രിസ്തുവിന്റെ ന്യായാസനം – റോമ.14:10, 2 കൊരി.5:10**

**2. തേജസ്സിന്റെ സിംഹാസനം – മത്താ.25:31**

**3. വെള്ള സിംഹാസനം – വെളി. 20:11**

പെന്തക്കോസ്തു നാൾമുതൽ കർത്താവിന്റെ രണ്ടാംവരവു വരെയുള്ള വിശ്വാസികൾ മുഴുവനും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കും. ശേഷിക്കുന്നവർ ഒന്നുകിൽ മഹോപദ്രവ അന്ത്യത്തിലുള്ള തേജസ്സിന്റെ സിംഹാസനത്തിലോ ലോകാന്തിമ സിംഹാസനമായ വെള്ള സിംഹാസത്തിന്റെ മുമ്പിലോ നിൽക്കേണ്ടവരാണ്. അത്തരത്തിൽ ന്യായം വിധിക്കപ്പെട്ടതിന് ശേഷം മാത്രമേ നിത്യാവസ്ഥയായ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ മനുഷ്യർ മാറ്റപ്പെടുകയുള്ളൂ എന്നതാണ് വസ്തുത.

എന്നാൽ അതുവരെ മനുഷ്യാത്മാക്കൾ എവിടേക്ക് പോകുന്നു എന്ന ചോദ്യത്തിന് പാതാളം എന്ന് പൊതുവെ വിളിക്കപ്പെടുന്നതാൽക്കാലിക ഇടത്തിലേക്കോ പറുദീസയിലേക്കോ മാറ്റപ്പെടുന്നു എന്ന് പറയാം. (ഇത് പുറകാലെ വിശദീകരിക്കുന്നതാണ്) അതിനുമുമ്പ് ഇപ്പോൾ എവിടെയെല്ലാം ആത്മാക്കൾ ഉണ്ട് എന്ന് ചിന്തിക്കാം.

## ആത്മാക്കളും ആത്മജീവികളുമുള്ള മൂന്നിടങ്ങൾ

ഫിലി.2:10-ൽ 'അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങും' എന്ന് നാം വായിക്കുന്നു. ഈ വാക്യത്തിൽ നിന്നും പ്രപഞ്ചത്തെ മൂന്നായി തിരിച്ചിരിക്കുന്നത് ശ്രദ്ധിക്കാം.

**1. സ്വർല്ലോകം**

**2. ഭൂലോകം**

**3. അധോലോകം**

ഈ മൂന്ന് ലോകത്തിലല്ലാതെ മറ്റെങ്ങും ജീവികൾ ഇല്ല എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ഭൗതീക ശരീരം ഉള്ള ജീവികൾ, നാം വസിക്കുന്ന ഭൂമിയിൽ മാത്രമേയുള്ളൂ. എന്നാൽ സ്വർല്ലോകത്തിലും അധോലോകത്തിലും ആത്മാക്കളും ആത്മജീവികളും ഉണ്ട് എന്ന് മനസ്സിലാക്കാം.

സങ്കീ.63:9 -ൽ 'അവർ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിപ്പോകും' എന്ന് ദുഷ്ടന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നതിനാൽ സ്വർലോകം ഭൂമിയ്ക്ക് മുകളിലും അധോഭാഗം ഭൂമിക്ക് താഴെയുമാണെന്ന് അനുമാനിക്കാം. അവയുടെ വിശദാംശങ്ങൾ അടുത്ത ലക്കത്തിൽ നാം ചിന്തിക്കുന്നതായിരിയ്ക്കും.

എന്നാൽ ഒരു കാര്യം ഉറപ്പ്, മരണാന്തരം ആത്മാക്കൾ ഒന്നുകിൽ തിരശ്ശീലക്കപ്പുറത്തേക്കുള്ള സ്വർല്ലോകത്തിലേക്കോ അല്ലെങ്കിൽ അധോലോകത്തിലേക്കോ മാറ്റപ്പെടും. കാരണം ആത്മാവ് അമർത്ത്യമാണ്. ശാരീരിക മരണത്തോടെ, ശരീരത്തിൽ അതുവരേയും വസിച്ചിരുന്ന ആത്മാവ് മറ്റൊരിടത്തേക്ക് മാറ്റപ്പെടുകയാണ്. അല്ലാതെ ഇല്ലാതാവുകയോ ശരീരത്തോടൊപ്പം നശിക്കുകയോ ചെയ്യുന്നില്ല. ആത്മാവിന്റെ അമർത്ത്യതയ്ക്ക് 4 ന്യായങ്ങളാണ് പൊതുവെ പറയുന്നത്.

**1. ഹേതുവാദപരമായ ന്യായം (Theological Argument)**

**2. നൈതിക ന്യായം (Moral Argument)**

**3. ദാർശനിക ന്യായം (Metaphysical Argument)**

**4. ചരിത്രപരമായ ന്യായം (Historical Argument)**

പരോക്ഷവും പ്രത്യക്ഷവുമായ ധാരാളം തെളിവുകൾ നിരത്തി തിരുവെഴുത്ത് ആത്മാവിന്റെ അമർത്ത്യതയ്ക്ക് അടിവരയിടുമ്പോൾ ഒരുങ്ങാം നമുക്കും. ആ യാഥാർത്ഥ്യങ്ങളുടെ തികവിനായ് തിരശ്ശീലക്കപ്പുറത്തേക്ക്...

# വിതയും കൊയ്ത്തും



ഷിജി തോമസ്

വിതയും കൊയ്ത്തും എന്നീ പദങ്ങൾ കാർഷികവൃദ്ധിയുമായി ബന്ധപ്പെട്ടതാണെങ്കിലും വിശുദ്ധബൈബിളിൽ അതി പ്രാധാന്യമേറിയ പദങ്ങളായി എഴുതപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. വിതയ്ക്കുക എന്നുള്ളത് മാനുഷിക പ്രവൃത്തിയേയും കൊയ്ത്ത് എന്നുള്ളത് ദൈവീക പ്രതിഫലത്തേയും പ്രതിനിധാനം ചെയ്യുന്നു എന്ന് ആത്മീയ ദൃഷ്ടിയിൽ കാണാൻ കഴിയും. വിതക്കാരൻ ദൈവസൃഷ്ടിയായ മനുഷ്യൻ ആകുമ്പോൾ കൊയ്ത്തുകാരൻ സൃഷ്ടാവായ ദൈവം തന്നെ.

കൊയ്ത്ത് അഥവാ വിളവെടുപ്പ് സമയത്ത് നല്ല വിളവ് ലഭിക്കണമെങ്കിൽ വിതക്കുന്നവൻ ചില തയ്യാറെടുപ്പുകളും പരിചരണങ്ങളും ചെയ്യേണ്ടത് അത്യവശ്യമാണ്. പ്രധാനമായും നാലു കാര്യങ്ങൾ പിന്തുടരണം.

1. മണ്ണ് ഒരുക്കുക
2. വിത്തു നടുക
3. മണ്ണ് ഫലഭൂയിഷ്ടമായി നിലനിർത്തുക
4. വിളവെടുക്കുക ഇവയാണ് അവയെല്ലാം.



വിത്ത് നല്ലതായിരിക്കണം. അതുമാത്രമല്ല ഒരുക്കിയെടുത്ത മണ്ണിലെ വിതയ്ക്കാവൂ. അതിനുശേഷം അതിനു പരിചരണം ആവശ്യമാണ്. അതു നനയ്ക്കുകയും വളം ഇടുകയും വേണം. കളകളും കീടങ്ങളും അകറ്റണം. ഒടുവിൽ കൊയ്ത്തുകാലത്ത് നല്ല വിളവിനുവേണ്ടി പ്രാപ്തമാകും. ഇതിനിടയിൽ എന്തെങ്കിലും വീഴ്ച വന്നാൽ കൊയ്ത്തുകാലം വ്യസനമായിരിക്കും.

ഇവിടെ ദൈവീക പദ്ധതിപ്രാകാരം ഭൂമിയിൽ ആയിരിക്കുന്ന മനുഷ്യൻ വിതയ്ക്കേണ്ടത് സുവിശേഷം എന്ന നല്ല വചനത്തിന്റെ വിത്താണ്. അതു ഒരുക്കപ്പെട്ട ഹൃദയങ്ങളിൽ വിതയ്ക്കുവാൻ നാം തയ്യാറാകണം. അതിനുശേഷം അതിനെ പരിചരിക്കണം. ഒരു ഫോളോ അപ്പ് ഇവിടെ ആവശ്യമാണ്. എന്നാൽ ഇന്ന് ആത്മീയ ഗോളത്തിൽ പലരും വിത്തു വിതയ്ക്കുന്നു. പിന്നെ ഒന്നും ചെയ്യുന്നില്ല. വിളവെടുപ്പിനു പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ഒരു യഥാർത്ഥ വിതക്കാരന് ഇതു ഭൂഷണമല്ല. മർ.4:3-8 വാക്യങ്ങളിൽ നമ്മുടെ കർത്താവ് വിതയ്ക്കുന്നവന്റെ ഉപമ പറയുന്നു. വഴിയരികിലും പാറപ്പുറത്തും മുള്ളിനിടയിലും വീണ വിത്തുകൾ നശിച്ചുപോയി. നല്ല നി ലത്ത് വീണ വിത്ത് മുപ്പത് അറുപത് നുറുമേനിയായി വിളഞ്ഞു. ഈ ക്രിയയത്രേ നാമും ചെയ്യേണ്ടത്. കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും (സങ്കീ.126:5,6) എന്നു വചനം പറയുന്നു. നാം നമ്മുടെ കഷ്ടതയിലും കണ്ണുനീരിലും സുവിശേഷമെന്ന വിത്ത് വിതച്ചു പരിചരിച്ചാൽ കർത്താവു വിളവെടുപ്പിനായി വരുമ്പോൾ നമുക്ക് പ്രതിഫലത്തിന് പാത്രരാകാം.

വിതയും കൊയ്ത്തും എന്ന ക്രിയയുടെ പൊരുൾ ഒരുവന്റെ ജീവിതത്തിലെ മാനസാന്തരം,സ്നാനം, വിശുദ്ധജീവിതം, സ്വർഗ്ഗീയ വീണ്ടെടുപ്പ് എന്നിവയെ പ്രതിധ്വനിക്കുന്നു. സ്വർഗ്ഗരാജ്യം വിളഞ്ഞ വയലിനോടു സാമ്യം എന്നു ബൈബിൾ പറയുന്നു. അതിൽ പ്രവേശിച്ചാൽ ആർക്കും ഒന്നിനും കുറവില്ല. ഭാഗ്യവശാൽ ബോവസിന്റെ വയലിൽ ചെന്ന രൂത്തിനോട് ബോവസ് പറയുന്നു മകളെ, നീ ഈ വയല് വിട്ടു എങ്ങും പോകണ്ട. ക്രിസ്തുവെന്ന ബോവസിന്റെ വയലിൽ കടന്നു വന്ന നാം ഭാഗ്യശാലികൾ ആകുന്നു. അതിനാൽ നമുക്കും സുവിശേഷത്തിന്റെ വിത്ത് അതേ രീതിയിൽ വിതെച്ച് നല്ല ഫലം ഉളവാക്കി കൊയ്ത്തുകാലത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കാം. ഒരു ആർപ്പുവിളിയ്ക്കായ്...

# Fruit: An Evidence of Saving Faith!





Rev. Georgy Mathew Alexios

*(Continued from Issue# 11)*

## Bear Much Fruit

Let us look at John 15:8 again: "By this My Father is glorified, that you bear much fruit; so you will be My disciples." God will be glorified if we produce much fruit. We will prove ourselves to be Christ's disciples if we bear much fruit. How can we bear much fruit? Jesus said, "He who abides in Me, and I in him, bears much fruit" (John 15:5). If we remain in Jesus as our Lord and He remains in us, we will bear much fruit. That's a wonderful promise.

There are two conditions here. The first is our duty to remain in Jesus. How can we remain in Him? Jesus said, "If you keep My commandments, you will abide in My love" (John 15:10). The second condition is that Jesus should remain in us. How can we cause Him to remain in us? By loving and obeying Him. Then He promises that both He and the Father will live within us through the Holy Spirit (John 14:23,17). Through our firm attachment to the vine we will naturally produce much fruit.

It is not that hard, is it? We can produce much fruit by remaining in Jesus. We remain by obeying Him. We obey Him by learning His commands and teachings, obeying them, and teaching them to others (Matt. 28:20; John 14:21). Jesus remains in us when we love and obey Him. We obey because of the obedience that comes from a saving faith (Rom. 1:5). Our faith is in Christ the Lord who we confess as our personal Lord (Rom. 10:9,13).

## Bear Fruit That Will Last

Jesus said further: "You did not choose Me, but I chose you and appointed you that you should go and bear fruit, and that your fruit should remain, that whatever you ask the Father in My name He may give you" (John 15:16). Note that a promise has been attached. If we bear fruit that will last, God will give us whatever we ask in Jesus' name.

Now what is the fruit that will last? "Love never fails" (1 Cor. 13:8). After telling about all else that would pass away, Paul concluded: "And now these three remain: faith, hope, love; but the greatest of these is love" (1 Cor. 13:13). So in essence, the fruit (singular) of the Spirit (Gal. 5:22-23) as we saw before, is the fruit that will really last according to God's Word. And the Holy Spirit is the One who produces that fruit in a believer's life.

## Limited Time to Bear Fruit

If you claim to be a professing Christian, but do not now or have never experienced the fruit of the Spirit, pay close attention to this teaching of Jesus: "He also spoke this parable: "A certain man had a fig tree planted in his vineyard, and he came seeking fruit on it and found none. Then he said to the keeper of his vineyard, 'Look, for three years I have come seeking fruit on this fig tree and find none. Cut it down; why does it use up the ground?' But he answered and said to him, 'Sir, let it alone this year also, until I dig around it and fertilize it. And if it bears fruit, well. But if not, after that you can cut it down" (Luke 13:6-9). Even though the immediate context refers to the nation of Israel, the greater context points to the need of repentance or else the hearers of Jesus then and now will perish. The nation of Israel had known the law, had the revelation of God, and thought themselves God's chosen people, but Jesus warned them that they would perish if they didn't repent.

Who are the people in this parable? God, the Father, owns the vineyard. We, professing Christians, are fig trees. Jesus takes care of the vineyard. When you and I go on and on without bearing fruit, God is about to cut us down (as fig trees) or cut us off the vine (as branches in John 15:2). Jesus intercedes for us (Hebrews 7:25), but according to the parable, even Jesus agrees that a time will come when those who don't bear fruit will be cut down.

Anyone who professes to be a Christian but does not have the fruit of the Spirit in his/her life has the clock running on him/her. A time will come, or has come already, when God will seek to cut off such a person who doesn't produce fruit. Jesus will, or already has, interceded for you as your High Priest (if you are a believer in Him). Now is the time to realise God's requirement to bear fruit and to fulfil it. Pledge to be a doer of the Word and not a hearer only. Receive Jesus Christ as your personal Lord and pledge with all your heart to obey His teachings and commandments. The Holy Spirit will help you to live out your pledge. God is faithful. He will provide the power to obey and the fruit to prove that the Holy Spirit dwells in you.

*(Will be continued)*

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

**ഗാനം : ദൈവത്തിൽ ഞാൻ കണ്ടൊരു നിർഭയമാം...**
**രചന : മഹാകവി കെ.വി. സൈമൺ**



ജെയ്സൺ ജേക്കബ് ജോയ്

ആദ്ധ്യാത്മിക കേരള ചക്രവാളത്തിൽ ഉദിച്ചുയർന്ന ഒരു അസാധാരണ ജ്യോതിസായിരുന്നു മഹാകവി കെ.വി.സൈമൺ സർ. 1883-ൽ ഇടയാറന്മുളയിലെ കുന്നുംപുറത്തു ഭവനത്തിലാണ് ദൈവദാസൻ ജനിച്ചത്. തന്റെ പന്ത്രണ്ടാമത്തെ വയസിൽ കർത്താവിന് തന്റെ ഹൃദയം സമർപ്പിച്ചു. പിന്നീട് തനിക്ക് ദൈവം ദാനമായി നൽകിയ 61 വർഷം തന്നെ വിളിച്ച കർത്താവിനെ സേവിക്കുവാൻ കർത്തൃദാസൻ മാറ്റി വച്ചു. കേരളത്തിലൂടനീളം സഞ്ചരിച്ചു സുവിശേഷത്തിന്റെ വിത്തുകൾ പാകിമുളപ്പിക്കുവാൻ ദൈവം തന്റെ ഭൃത്യനെ എടുത്തുപയോഗിച്ചു. തന്റെ സുവിശേഷയാത്രയിൽ താൻ അനുഭവിച്ച ദൈവീക പരിപാലനവും അതിൽനിന്നും ഉത്ഭവിച്ച മനോഹരമായ ഒരു ഗാനത്തിന്റെ പിന്നാമ്പുറങ്ങളിലേക്കാണ് നാം ഒരുമിച്ചു യാത്ര ചെയ്യുന്നത്.



മഹാകവി കെ.വി. സൈമൺ

ഒരു വ്യക്തി കർത്താവിനെ സ്വീകരിച്ചാൽ കർത്താവിന്റെ കൽപ്പനകൾ അനുസരിക്കണമെന്നുള്ള സത്യം തിരുവചന അടിസ്ഥാനത്തിൽ താൻ പ്രസംഗിക്കുമായിരുന്നു. എന്നാൽ ഈ സത്യത്തിനു വിപരീതമായി ജീവിച്ച ചില വ്യക്തികൾ സാറിനേയും ശിഷ്യന്മാരേയും മേൽപ്പറഞ്ഞ വിഷയം തിരുവചനാടിസ്ഥാനത്തിൽ തെളിയിക്കുവാൻ ആറാട്ടുപ്പുഴ എന്ന സ്ഥലത്തേക്ക് അവരെ ക്ഷണിച്ചു. പ്രാർത്ഥനയോടെ സാർ അവിടെ എത്തി. അങ്ങനെ ദൈവകൃപയിൽ ആശ്രയിച്ചു സാർ വിഷയം സംസാരിക്കുകയും അനേകർ കൈകൊള്ളുകയും ചെയ്തു. എന്നാൽ ഇതിൽ കോപിതരായ ചില ആളുകൾ തന്നെ വകവരുത്തുവാൻ തീരുമാനിച്ചു. എന്നാൽ ഈ വിവരം അറിഞ്ഞ തന്റെ കൂട്ടുസഹോദരാർ സാറിനെ ഈ വിവരം അറിയിയ്ക്കുകയും രാത്രയിൽ ഉള്ള യാത്ര ഒഴിവാക്കുവാൻ അപേക്ഷിച്ചു.

എന്നാൽ തന്നെ കരുതുന്ന വീതിയുള്ള പക്ഷങ്ങൾ തന്നെ മറയ്ക്കും എന്നുള്ള പ്രത്യാശയോടെകൂടെ സാറും ശിഷ്യദാരും യാത്ര ആരംഭിച്ചു. മറുവശത്ത് തന്നെ അപായപ്പെടുത്തുവാൻ ചില ആളുകൾ ഒളിച്ചിരുന്നു. അങ്ങനെ അവർ യാത്ര ആരംഭിച്ചു. അപ്പോളാണ് കോരിച്ചൊരിയുന്ന പേമാരി ആരംഭിച്ചത്. സാറും ശിക്ഷ്യന്മാരും മഴകൊള്ളാതെ ഒരു സ്ഥലത്തു കയറിനിന്നു. ഈ സമയം മറുവശത്തു പ്രിയപ്പെട്ടവരെ അപകടപ്പെടുത്തുവാൻ കാത്തിരുന്നവർ ഇനി അവർ വരില്ല എന്നു പറഞ്ഞു തങ്ങളുടെ വീട്ടിലേക്കു പോയി. അൽപ്പം കഴിഞ്ഞപ്പോൾ മഴ ശാന്തമായി, പ്രിയപ്പെട്ടവർ യാത്ര ആരംഭിച്ചു. അപ്പോൾ സാർ ശിക്ഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു ഇതാണ് ദൈവത്തിന്റെ കരുതൽ. അതുകൊണ്ട് ആ നല്ലദൈവത്തിൽ നാം ആശ്രയിച്ചാൽ നമുക്ക് എതിരെ വരുന്ന ഏത് അനർത്ഥത്തിൽ നിന്നും ദൈവം നമ്മെ വിടുവിക്കും. അങ്ങനെ ക്ഷേമമായി ഭവനത്തിൽ എത്തിയ ദൈവദാസൻ രാത്രിയിൽ അനുഭവിച്ച ദൈവീക കരുതലിനെ മുന്നിൽ കണ്ടുകൊണ്ട് എഴുതിയ മനോഹരമായ ഗാനമാണ് ദൈവത്തിൽ ഞാൻ കണ്ടൊരു നിർഭയമാം പാർപ്പിടം...

പ്രിയ ദൈവജനമേ, ക്രിസ്തീയ ജീവിത യാത്രയിൽ ശാശ്വത ഭുജത്താൽ നമ്മെ താങ്ങുന്ന ആ നല്ല കർത്താവിൽ നമുക്ക് ശരണപ്പെടാം. കേവലം 61 വർഷം മാത്രം ജീവിക്കുവാനാണ് ദൈവം തന്റെ ഭൃത്യന് അനുവാദം കൊടുത്തത്. എന്നാൽ തനിക്ക് ലഭിച്ച ഓരോ നിമിഷവും സുവിശേഷത്തിന്റെ വ്യാപനത്തിനായി പ്രവർത്തിച്ചത് നമ്മുടെ ജീവിതത്തിലും മാതൃകയാക്കാവുന്നതല്ലേ. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. 1944 ഫെബ്രുവരി 20-ാം തീയതി താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുവാനായി കടന്നുപോയി.



# BMCC MUSICAL EVENING





Anil Thomas
BMCC President


Pr. P.C. Varghese


Davis Itty
BMCC Secretary


C.S. Abraham




Ebenezer Brethren Assembly


Immanuel IPC


Gafool Brethren Assembly


Manama Brethren Assembly


St.Thomas Evangelical Church


Sharon Fellowship Church

# THE BILLY GRAHAM
## WHO LIVES IN MY MEMORY

*Continued from Page 1*

**Dr. P.C. Abraham**

For me, I stop all my appointments at least one hour before the meeting. I engage myself in travailing pain and prayer until my time to speak. I do not engage myself in any lose talk. After delivering the message I always give the invitation for people to respond. That is the time I experience intense spiritual warfare within me, the reflections of the struggle that goes on in many a hearts in the stadium to respond or to ignore the invitation. It is all the Lord's doing. I don't have any claim in it.

*Dr. Graham, what is the secret of your impeccable track record of over several decades where many have fallen on the way side?*

No credits to myself. I am as weak as any one of you. But I am very careful. I do not handle the finances of the ministry. I receive only what is given to me from the association. So I do not own anything.

I have given strict instructions to my staff not to arrange any private meetings for me from the opposite sex alone: Either with my wife present or with a group of women only. That has kept me away from a lot of pitfalls and temptation. I cannot and I will not discredit my lord in these two areas of my private life or bring dishonor to the ministry he has entrusted to me.

This conference has left me with indelible impressions and convictions in my mind as how to handle criticisms in the ministry, the need of prayer in preparing and delivering the message and also the secret of maintaining an impeccable life not to discredit the Lord.

My first encounter with the Billy Graham Crusade was when I was a school boy of early teens in the 1950's at Kottayam Baker Memorial Stadium. My father and mother were both serving as counselors with the Graham crusade. They left us the children in Kallissery and have gone to Kottayam for several days. There was a great desire bubbling in my heart to hear Billy Graham as I was reading full page write up regarding the crusade day after day in Malayala Manorama. I arranged with one of my older cousins that we both go to Kottayam on the last day of the crusade. When my parents saw me in the stadium they were wonderstruck. Although I do not remember any part of his message, one thing stands vivid in my tender mind was Graham's passionate plea and persuasive presentation of the message, unlike the lot I have heard. And immediate response ensued from the stadium to flush out hundreds of seekers to the counseling arena.

**To a recent question to Dr. Graham, as how he wants to be remembered in history, the following is the summary of his answer: A Man of faithfulness.**

*Faithful to the Word of God.*

His message was peppered with the claim "The Bible says". He stood strong to his conviction that Bible is God's Word. His gospel messages were simple and truthful. He emphasized the need for man's repentance from sin. He presented the Christ crucified as the only savior. He invited people to respond to the invitation publicly in every instance.

Faithful to his calling as an evangelist.

Cutting across sectarian divide he presented the savior and invited responses from his audience. Those who responded were directed to Bible believing churches for their spiritual growth. He was not interested in building up an empire for himself. Once he was invited to stand in as a presidential candidate of the United States of America. His blunt answer of refusal was that he was already contracted with a greater job assignment than that of the US President.



*He was faithful to his family.*

His wife Ruth Graham and their children missed him at times when he had gone for many weeks on ministry purposes. However, he was very particular to compensate them with his quality time on return. They adored him. Many of his posterity are in active ministry of the Lord as a result of his exemplary life at home.

Billy Graham was a unique gift from the Lord to his generation. Seven decades of relentless travel to over 180 countries of the world and presenting the gospel message face to face to over 150 million people of different nations, languages and ethnic diversities and many more millions encountered through TV and radio, this global ambassador for Christ remained faithful to the lord till the end when at his 99th year the lord himself scooped him away from us to give him the needed rest, to be with the Lord himself. What a life to emulate! What a challenge to take up in any generation!

# MEPC 2018 ആത്മീയ നേതൃത്വം

MIDDLE EAST PENTECOSTAL CHURCH



പ്രസിഡന്റ്
പാസ്റ്റർ ജെയ്സൺ കുഴിവിള
(ഐ.പി.സി. ബഹറിൻ)



വൈസ് പ്രസിഡന്റ്
പാസ്റ്റർ ലിജോ മാത്യു
(CGFG പ്രയർ ഫെല്ലോഷിപ്പ്)



സെക്രട്ടറി
ബ്രദർ യോഹന്നാൻ പാപ്പച്ചൻ
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



അസിസ്റ്റന്റ് സെക്രട്ടറി
ബ്രദർ ബോബി മാത്യു
(ഐ.പി.സി. ശാലേം)



ട്രഷറർ
ബ്രദർ ബാബു ഫിലിപ്പ്
(ഇമ്മാനുവേൽ ഐ.പി.സി)



അസിസ്റ്റന്റ് ട്രഷറർ
ബ്രദർ തോമസ് സാമുവൽ
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



ക്വയർ ലീഡർ
ബ്രദർ പ്രസാദ് ജോയി
(ഐ.പി.സി ബഹറിൻ)



കമ്മറ്റി മെംബർ
ബ്രദർ ഷാജൻ മാത്യു
(ഐ.പി.സി ബഹറിൻ)



കമ്മറ്റി മെംബർ
ബ്രദർ ജിബോയ് തോമസ്
(ഐ.പി.സി ഹെബ്രോൺ)



കമ്മറ്റി മെംബർ
ബ്രദർ ഷാജി സാമുവൻ
(CGFG പ്രയർ ഫെല്ലോഷിപ്പ്)



പെർമനന്റ് മെംബർ
പാസ്റ്റർ തോമസ് കുര്യൻ
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)



പെർമനന്റ് മെംബർ
പാസ്റ്റർ മാത്തൻ സാമുവൽ)
(ഐ.പി.സി ശാലേം)



പെർമനന്റ് മെംബർ
പാസ്റ്റർ സൈമൺ ഫിലിപ്പ്
(ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്)



പെർമനന്റ് മെംബർ
പാസ്റ്റർ കെ.എം. ജോർജ്)
(ഐ.പി.സി ഹെബ്രോൺ)



പെർമനന്റ് മെംബർ
പാസ്റ്റർ തോമസ് ചാക്കോ)
(ഇമ്മാനുവേൽ ഐ.പി.സി)



ഓഡിറ്റർ
ബ്രദർ കോര മാത്യു
(അസംബ്ളീസ് ഓഫ് ഗോഡ് ചർച്ച്)

MIDDLE EAST PENTECOSTAL CHURCH (MEPC)
KINGDOM OF BAHRAIN




**Prayer Meeting**




Date : 10.03.2018 (Saturday)
Venue: Sharon Fellowship Church Hall, Segaya
Time: 8.00 - 9.00 pm

# All are cordially invited # Come let's pray together and be blessed!






# Children born of God



Merin Varghese Bose

We have been authorized by Jesus as the children of God- John 1:12 says "Yet to all who did receive him, to those who believed in his name, he gave the right to become children of God." Let us take our eyes off of our choice of 'becoming' born again and focus on how one is 'made'born again.

A famous example is the conversation between Nicodemus and Jesus where Jesus says in John 3:3 "no one can see the kingdom of God unless they are born again."Jesus then specifies in John 3:6 that "Flesh gives birth to flesh, but theSpirit gives birth to spirit". This part needs to be highly emphasized into our minds that it is God who gives birth to a renewed spirit within us as humbly reminded in Titus 3:4-7 "But when the kindness and love of God our Savior appeared, He saved us, not because of righteous things we had done, but because of His mercy. He saved us through the washing of rebirth and renewal by the Holy Spirit,whom He poured out on usgenerously through Jesus Christ our Savior, so that, having been justified by His grace, we might become heirs having the hope of eternal life."

It is God who gives us this new life and this focus of God's beautiful work of rebirth keeps revealing more of His grace, mercy and love for the whole world. When our minds are filled with what God has done and continues to do, our lives begin to manifest God to the world and thus reveal His kingdom. John 1:10 says that "He came to that which was his own"- God already had in His mind 'His own' even though they 'did not recognise him'. God reached out and came looking for the lost mankind to claim us back as we had truly belonged to Him. When we realized what Jesus did for this world, He gave us the permission to be his brothers and sisters and therefore, the children of God(Romans 8:29).It is in His sacrifice that we have been justified before God, and it is in His account that we have been made children of God, and it is only when He lives His life through us the kingdom of God can be seen.

So now, we are children of God because the Spirit of Christ is alive and working in us (Romans 8:9-17). This Holy Spirit enables us to call God as Father and keeps reminding us of this new identity that we now have as His children. Let us grow in the knowledge that we cannot live a 'Christ-ian' life without the work of the Holy Spirit from within. Everything that Christ did was through the Holy Spirit and this same Holy Spirit resides powerfully in us. It is His work in us that manifests as the fruit that people can see. Whether we think we are in a hopeless situation or feeling on top of the world, the Holy Spirit works all of the time.This wonderful helper and friend prays on our behalf when we struggle, and he is best at it because onlyHe knows God's heart (Romans 8:26,27). When we don't know the words to speak in a difficult situation, He speaks through us (Matthew 10:20) and Jesus promised his disciples that "He lives with you and will bein you" John 14:17 just before his suffering on the cross.

Let us remember that Christ came to 'His own' and paid a great price to make us 'born again' as God's own children. Let us keep our focus on what God doesso that we cancontinue to live this new life in Christ through the work of the Holy Spirit. Amen.

HH Sisters' Outlook

HH Rhythm



എ.സി. ആന്റണി

ജീവിത തോണിയിൽ മറുതീരം തേടി യാനം ചെയ്‌വോരെ
ആശ്രയമേകുവാൻ ആശ്വാസദായകൻ യേശു മാത്രമേ
അക്കരെ നാടതിൽ എത്തുവാൻ സോദരർ ആശയാൽ വെമ്പുന്നേ
ആ തിരുമാർവ്വതിൽ ചാരിടും നേരമോ ആകുലം മാറുമേ

ഈ ലോകയാത്രയിൽ വഴുതാതെ പാദങ്ങൾ മുന്നോട്ടു വയ്ക്കുവാൻ
നീ കൃപയേകണെ നീതിയിൻ സൂര്യനെ നിത്യതയോളവും
വഴിയും സത്യവും ജീവനും താനെന്നോതിയ നാഥനേ
ഞാൻ വരുന്നങ്ങേ പാദങ്ങൾ പുൽകാൻ മോദമോടിന്നിതാ

ഗംഭീര നാദാദി കാഹളമോടെ സ്വർഗ്ഗകവാടത്തിൽ
പ്രധാന ദൂതനോടൊപ്പമന്നേശു ആഗതനായിടുമേ
പേർ ചൊല്ലി വിളിച്ചീടും നേരമാ ശബ്ദം നാം കേൾക്കുവാൻ
ആവലോടാ നല്ല നാളിനെയോർത്ത് പാർത്തിടുന്നിഹെ




## അയല പൊള്ളിച്ചത്



സൂസമ്മ കുര്യൻ

1. അയല - 10 എണ്ണം
2. മുളക് പൊടി - 2 ടീസ്പൂൺ
3. കുരുമുളക് പൊടി - 1/2 ടീസ്പൂൺ
4. മഞ്ഞൾപൊടി - 1/4 ടീസ്പൂൺ
5. മീൻ മസാല - 2 ടീസ്പൂൺ
6. ഇഞ്ചി,വെളുത്തുള്ളി പേസ്റ്റ്- 1 ടീസ്പൂൺ
7. ചെറിയ ഉള്ളി അരച്ചത് - 2 ടീസ്പൂൺ
8. നാരങ്ങനീര് - 2 ടീസ്പൂൺ
9. വെളിച്ചെണ്ണ - 1 ടേബിൾസ്പൂൺ
10. ഉപ്പ് - ആവശ്യത്തിന്
11. പെരുജീരകപ്പൊടി - 1/2 ടീസ്പൂൺ
12. കുറുകിയ തേങ്ങാപ്പാൽ - 2 കപ്പ്
13. വാഴയില - 3 എണ്ണം
14. കറിവേപ്പില - 3 തണ്ട്

***പാചകം ചെയ്യുന്ന വിധം:*** 2 മുതൽ 11 വരെയുള്ള ചേരുവകൾ മീനിൽ പുരട്ടി കുറച്ചു സമയം വെയ്ക്കുക. ചട്ടിയിൽ കുറച്ചു വെളിച്ചെണ്ണ ഒഴിച്ചു ചുറ്റിച്ചശേഷം രണ്ടു വാഴയില നിരത്തി 2 തണ്ട് കറിവേപ്പില ഇടുക. മസാല പുരട്ടിയ മീൻ ഇതിന്റെ മുകളിൽ നിരത്തുക. അൽപ്പം കൂടി വെളിച്ചെണ്ണ മീനിൽ ഒഴിച്ചശേഷം ഒന്നു ചുറ്റിക്കുക. 1 കപ്പ് തേങ്ങാപ്പാൽ മീനിൽ ഒഴിച്ചു മറ്റെ വാഴയില കൊണ്ടു മൂടി അടച്ചശേഷം 10 മിനിറ്റു കൂടി വേവിച്ചശേഷം ബാക്കി തേങ്ങാപ്പാൽ ഒഴിച്ചു ഒരു തണ്ട് കറിവേപ്പിലയും കൂടി മുകളിൽ ഇട്ടു തീ ഓഫ് ചെയ്യുക.

# ഒരു വിശ്വാസിയുടെ ഭാവിമഹത്വം എന്തായിരിയ്ക്കും ?



പാസ്റ്റർ ബോസ് ബി. വർഗീസ്

ക്രിസ്തുവിനോട് വിശ്വസ്തരായിരിക്കുന്നവരുടെ ജീവിതങ്ങളിൽ അനുഭവപ്പെടുന്ന കഷ്ടങ്ങളും വൈഷമ്യങ്ങളും ക്രിസ്തു മുഖാന്തിരം നമ്മുടെ തേജസുമായി താരതമ്യപ്പെടുത്തുമ്പോൾ ലഘുവാണ് എന്ന് മനസിലാക്കാം. നമ്മിൽ വെളിപ്പെടുവാനുള്ള തേജസു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ലെന്ന് പൗലോസ് പറയുന്നു.

### *1. ക്രിസ്തുവിനോടുകൂടെ ആയിരിയ്ക്കും (യോഹ.14:3)*

ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നേയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുക്കൊള്ളും. കർത്താവ് വിശ്വാസികളെ സ്വർഗ്ഗത്തിൽ ചേർത്തുകൊള്ളുവാൻ വീണ്ടും വരും എന്നർത്ഥം (യോഹ.17:24).

### *2. അവന്റെ മുഖം കാണും (സങ്കീ.17:15)*

ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും. ഇയ്യോബ് പറയുന്നത് വളരെ ശ്രദ്ധേയമാണ്( ഇയ്യോ.19:25,26). എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും.

### *3. ക്രിസ്തുയേശുവിന്റെ മുഖത്തിലുള്ള ദൈവതേജസിന്റെ പരിജ്ഞാനം കാണും (2 കൊരി.4:6)*

അനുഗ്രഹീതമായിരിക്കുന്ന ആ മുഖം നാം ദർശിക്കുമ്പോൾ എന്തു മഹത്വം ആയിരിയ്ക്കും എന്ന് വെളി.22:4,5 വാക്യം വായിക്കുമ്പോൾ കാണാം.

### *4. ക്രിസ്തുവിനോടുകൂടെ മഹത്വീകരിക്കപ്പെടും (യോഹ.17:22)*

നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു. ക്രിസ്തുവിന്റെ മഹത്വമാണ് മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കേണ്ടതിനു താൻ ക്രൂശിൽ ഏൽപ്പിച്ചു കൊടുത്തത്. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

### *5. ക്രിസ്തുവിനോടുകൂടെ വാഴും ( 2 തിമൊ.2:11,12)*

നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിയ്ക്കും, സഹിക്കുന്നു എങ്കിൽ കൂടെ വാഴും. അന്ത്യത്തോളം പരിശ്രമിക്കുകയും വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നവർ ജീവിയ്ക്കുകയും ക്രിസ്തുവിനോടുകൂടെ വാഴുകയും ചെയ്യും. ക്രിസ്തുവിൽ നിലനിൽക്കാതെ കർത്താവിനെ തള്ളി പറയുന്നവരെ ന്യായവിധി ദിവസത്തിൽ കർത്താവും തള്ളിപ്പറയും. താലന്തിന്റെ ഉപമ ശ്രദ്ധിക്കുക ( മത്താ.25:20-23).

### *6. ജയിക്കുന്നവൻ സകലവും അവകാശമാക്കും (വെളി.21:7)*

ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും. മഹത്വത്തിൽ അവകാശം പ്രാപിച്ചവനാണ് വിശ്വാസി(പ്രവൃ.26:18). ജയിക്കുന്നവർക്ക് എന്തു കൊടുക്കും എന്ന് ഈ വാക്യങ്ങൾ ശ്രദ്ധിക്കുക (വെളി.2: 7,11,17,25,26).

### *7. നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും (ദാനി.12:3)*

എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിൻരെ പ്രഭപോലേയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലേയും എന്നും എന്നേക്കും പ്രകാശിക്കും.

ദൈവമുള്ളവരാണ് ബുദ്ധിമാന്മാർ എന്ന് പഴയനിയമം വിവരിക്കുന്നു. തങ്ങളുടെ ജീവിത രീതിയിലൂടെ മാത്രമല്ല അവർ ജ്ഞാനം പ്രദർശിപ്പിക്കുന്നത്. തങ്ങളുടെ ജീവിതത്തിന്റേയും സാക്ഷ്യത്തിന്റേയും സ്വാധീനത്താൽ അനേകരെ നീതിമാർഗ്ഗ ജീവിതത്തിലേക്ക് നയിക്കുന്നതിലൂടേയും അവരുടെ ജ്ഞാനം പ്രദർശിപ്പിക്കുന്നു. അവർ രൂപാന്തരപ്പെടുകയും ദൈവമഹത്വം അവരിലും അവരിലൂടേയും പ്രതിഫലിപ്പിക്കപ്പെടുമെന്നുമാണ് അവരുടെ പ്രകാശം അർത്ഥമാക്കുന്നത്.

ഒരു വിശ്വാസിയുടെ ഭാവിമഹത്വം എന്തായിരിയ്ക്കും എന്ന് എഴുതിയത് മുഖാന്തരം ഓരോരുത്തരുടേയും ഭാവിപ്രത്യാശ വർദ്ധിക്കുവാൻ വലിയവനായ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.




# Am I SATISFIED?

## Jehovah Jireh, My Provider...



Raji Unnikrishnan

'Satisfied', that is the word that set my thoughts rolling this morning. While listening to the Bible passage on Jesus feeding the five thousand with five loaves and two fish – the reader said that word with a kind of emphasis which struck me.

"They all ate and were satisfied, and the disciples picked up twelve basketfuls of broken pieces that were left over." (Matthew 14:20)

Dictionary defines the word "satisfied" as "pleased because you have got what you wanted", or simply a situation where you are contended.

How often are we satisfied? This was the question that was echoing in my brain ever since I heard that word, (after reading which the reader paused, as though, someone wanted me to think about it).

I trust in a God who provides and I repeatedly say that – Jehovaj Jireh. But now I am forced to think of it in a different angle – how often am I satisfied with His provisions? Be it food, clothes, joy, peace or wealth, I think we all tend to go overboard, be it even by a bit or more. It is definitely not 'greed' as one might think of terming it, but it is just that wanting of a "little more". Now, the question that is bothering me is – do I really need that "bit more" when I have a God who "provides" me to be "satisfied"?

In the passage of Jesus feeding the five thousand, it doesn't read that the men were fed enough to ease their hunger or they just had enough for the whole lot of the people. It says that "they all ate and were satisfied". (Of course the disciples having to collect the left over means that there was definitely enough and more).

Yes, my God is my provider – and when He provides, He makes sure that I am "satisfied". All I need is to accept this – even when I have that urge to have some more, even when I am tempted to ask for more and even when I am urged to save for the rainy days and fret that I didn't have that "bit more" which I wanted – I need to accept that His provision is enough to satisfy me.

"You open Your hand And satisfy the desire of every living thing." Psalm 145:16



A Sparrow

Knowledge Cafe

Jijo Angamaly

# PUZZLE 12

## Find the Judges

About 3000 years ago, the land of Israel was ruled by a succession of judges, rather than kings. There were 15 people who served as judges. Find any 10 judges.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| L | F | J | L | A | G | I | N | J | S | Z | K | R | V | G |
| E | T | D | M | S | I | L | A | H | Z | E | A | C | B | A |
| I | N | I | S | E | D | E | Z | I | R | G | S | A | U | E |
| N | A | H | I | Q | E | F | B | C | M | C | N | O | L | E |
| H | Y | M | A | S | O | K | I | A | W | S | J | Z | M | V |
| T | A | E | A | I | N | E | H | L | E | U | M | A | S | N |
| O | W | Q | L | R | D | S | H | M | L | D | W | J | O | S |
| L | W | M | Y | E | I | A | X | U | L | L | A | D | A | J |
| A | B | I | A | H | O | A | B | V | D | I | B | M | E | A |
| I | P | H | I | L | K | J | H | E | R | A | S | P | S | Q |
| Z | N | I | B | F | N | O | B | K | Z | O | H | Y | S | Q |
| H | A | I | N | A | N | E | K | X | N | T | W | Q | Y | W |
| M | X | D | O | X | E | C | T | K | H | Q | Y | P | U | Z |
| O | E | B | J | E | H | E | V | A | M | I | J | V | A | K |
| K | B | L | Z | I | O | M | H | D | E | B | O | R | A | H |

# BIBLE QUIZ 12

1. യോഹന്നാൻ ദർശനത്തിൽ കണ്ട സിംഹാസനങ്ങളെത്ര?
2. ഒരു പുരുഷന് ഒരു ഭാര്യ എന്നതാണ് ദൈവീക പ്രമാണം. എന്നാൽ പുരോഹിതന്മാർ തന്നെ ഇതിനെതിരായ് നിന്നാലോ! ഒരു വ്യക്തിക്കുതന്നെ രണ്ടുപേരെ വിവാഹം കഴിപ്പിച്ചു കൊടുത്ത പുരോഹിതനാര്?
3. രാജാവായ ദാവീദിനെ പ്രവാചകൻ എന്ന് വിശേഷിപ്പിച്ച പുതിയനിയമ എഴുത്തുകാരനാര്?
4. സ്വന്തം ഭാര്യയെ വക്രതയും ദുശ്ശാഠ്യവും ഉള്ളവളെന്ന് വിശേഷിപ്പിച്ച ഭർത്താവാര്?
5. യെഹൂദന്മാർക്ക് ഏഴ് ഉത്സവങ്ങൾ അഥവ പെരുനാളുകളുണ്ട്. അതിൽ ഒരു പെരുനാളിന് യേശു രഹസ്യമായിട്ടാണ് ചെന്ന് സംബന്ധിച്ചത്. പെരുനാളേത് ?
6. ഒരിക്കൽ യേശുവിന്റെ ശിഷ്യന്മാരിൽ നാലുപേർ ചേർന്ന് സ്വകാര്യമായൊരു ചോദ്യം ചോദിച്ചു. യേശു അതിന് ഉത്തരം പറയുകയും ചെയ്തു. സ്വകാര്യ ചോദ്യകർത്താക്കൾ ആരെല്ലാം?
7. അനുജത്തിയെ പ്രതീക്ഷിച്ചു, ജേഷ്ഠത്തിയെ കിട്ടി. ജേഷ്ഠത്തിയെ പ്രതീക്ഷിച്ചു, അനുജത്തിയെ കിട്ടി. ആരാണീ പ്രതീക്ഷകർ?
8. ഭക്ഷിക്കാൻ പാടില്ലാത്തത് ഭക്ഷിച്ച ന്യായാധിപനാണ് ശിംശോൻ. എന്നാൽ ഭക്ഷിക്കാൻ പാടില്ലാത്തത് ഭക്ഷിച്ച രാജാവാര്?
9. മരിച്ചിട്ടും മണ്ണാകാത്ത കഥാപാത്രം ആര് ?
10. രാജാവായ് തീർന്ന ഗൃഹവിചാരകൻ ആര് ?

---

1. Number of thrones John saw in his dream?
2. One wife for one man is God's principle. What will happen if he priest himself will act against the law? Name the priest who took two wives for one person?
3. Name the New Testament writer who called kind David a prophet?
4. Who described his own wife as a perverse and rebellious woman?
5. Jews have seven festivals. Once Jesus went to a festival in secret. Name the festival.
6. Four disciples asked a question to Jesus in secret. Who were they?
7. One Person expected to marry the younger sister but got the older, another person expected the older but got the younger. Who were they ?
8. Samson is the judge who ate forbidden food. Name the king who ate the forbidden food?
9. Dead but did not turn to dust. Who?
10. Name the officer of the labor force of the house who became king.

E-mail : hhgulfnews@gmail.com Whatsapp : 00973 38383399

ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ
ശരിയുത്തരമയക്കുന്ന എല്ലാവർക്കും HH Appreciation Certificate

# WINNERS -11

(Through draw out of correct entries)



**Bible Quiz:** BENNISON BLESSON

*(Indian Revival Assembly, Bahrain)*



**Puzzle:** JUDITH FRANKO

*(Gilgal Church of God, Bahrain)*

# ശരി ഉത്തരങ്ങൾ Issue #11, February 2018

## ബൈബിൾ ക്വിസ്

1. 3 – Math. 3:17, 17:5, John.12:28
2. നെഹമ്യാവ് – Neha. 13:14
3. ദാവീദ് – 1 Sam.18:25-27
4. സീദോന്യർക്കും സോര്യർക്കും – Ezra 3:7
5. ഒലിവ് – Acts.1:12
6. പത്രോസ് – 2 Pete.1:13
7. സങ്കീർത്തനങ്ങൾ Psa.119
8. കൃപാവരങ്ങളും വിളിയും – Rom.11:29
9. യേശുവിന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകണം എന്ന് ചോദിച്ചു - Mar.10:37,41
10. ദാനിയേൽ – Dan.4:9

## Puzzle

1. Luke 6:27
2. Luke 18:13
3. John 10:14
4. 2 Tim.3:16
5. Rom.14:12
6. Rev. 1:8
7. Gala. 5:9
8. Acts 1:11
9. Eph. 6:13
10. Mat. 26:27

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle — Those who sent correct answers (Issue 11)

1. Bennison Blesson, Indian Revival Assembly
2. Blessy Blesson, Indian Revival Assembly
3. Annie Johnson, Manama Brethren Assembly
4. Annie Abraham, Immanuel IPC
5. Suma Sunny, Immanuel IPC
6. Lizy Varghese, Sharon Fellowship
7. Joncy Anil, Sharon Fellowship
8. Metty Shibu, Sharon Fellowship
9. Feba Mariyam Varghese, Immanuel Global Mission, Dublin, Ireland
10. Jessy Anish, Immanuel Church, KSA
11. Sini Dipin, Bethesda IPC
12. Manju Nevin, IPC Bethel
13. Anie Mathew, COGFG Subhash Nagar, New Delhi
14. SherinShinu, St.Thomas Evangelical
15. JeenaTiju, Bethel Church
16. Alice George, The Full Gospel Church of Suvartha
17. Seeba Vinay, IPC Hebron
18. Simy Joy, IPC Thrissur, west Centre
19. Sindhu Joshi, Bahrain Church of Living God
20. Jessy Jacob, AG

## Bible Quiz Only — Those who sent correct answers

1. Blessy Lijo, Manama Brethren Assembly
2. Anitha Roy, Christ Church International
3. BinuBinoy, Bethesda IPC
4. Anju Robin, IPC Ebenezer, Dubai
5. Shyna Madhu, IPC Bahrain
6. Sunil Silvester, Independent Church Of God, Alapuzha
7. Beula Ravi, Gilgal Church of God
8. Molly Abraham, COG Mukkada, Kottayam
9. LijiJohny, AG Philadelphia, Naigoan, Maharashtra

## Puzzle Only — Those who sent correct answers

1. Jismol Joseph, Indian Revival Assembly
2. Betty Babu, Indian Revival Assembly
3. Letty Shibu, Manama Brethren Assembly
4. Annie Regi, Immanuel IPC
5. Ruby Sara Varghese, Sharon Fellowship

6. P.Glory, Sharon Fellowship
7. Evangeline Grace Bovas, Sharon Fellowship
8. Sherin Varghese, Nirmal Ministries, Nepal
9. K.Samuel Varghese, IPC Bethesda
10. Thomas Kadavil, IPC Bahrain
11. Joel Sam, IPC Bahrain
12. Judith Franko, Gilgal Church Of God
13. Jelin Franko, Gilgal Church of God
14. Suby Lijo Mathew, COGFG Prayer Fellowship
15. Sofy Jacob, COGFG Prayer Fellowship
16. Ani Satheesh, IPC Ebenezer, Pullad,Pathanamthitta
17. Manju Harvy, Gafool Brethren Assembly
18. Sherin Shaju, BBA Majlis
19. Kunjumol Sajan, Revival Fellowship
20. Siji Joy, IPC Thodupuzha
21. Johncy Vesily, IPC PCK, Kuwait

## Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. **Answers should be received before 25th of every month.**
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.



# ദേശങ്ങൾക്കായി



തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**

**രാജ്യം : നൈജീരിയ**
**തലസ്ഥാനം : അബൂജ**
**പ്രധാനമന്ത്രി : മുഹമ്മദ് ബുഹാരി**

നൈജീരിയ (ഔദ്യോഗിക നാമം: ഫെഡറൽറിപബ്ലിക് ഓഫ് നൈജീരിയ) ആഫ്രിക്കൻ വൻകരയുടെ പടിഞ്ഞാറു ഭാഗത്തുള്ളരാജ്യമാണ്. ആഫ്രിക്കയിൽഏറ്റവുംകൂടുതൽ ജനസംഖ്യയുള്ളരാജ്യമാണിത്. ബെനിൻ, ചാഡ്, കാമറൂൺ, നൈജർ എന്നിവയാണ് അയൽരാജ്യങ്ങൾ. പെട്രോളിയം വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽകുന്ന ലോകരാജ്യങ്ങളിൽ ഒന്നാണ് നൈജീരിയ. ദുർബലവും അഴിമതി നിറഞ്ഞതുമായ സർക്കാരുകൾ നൈജീരിയൻ സമ്പദ്‌വ്യവസ്ഥയെ പൂർണ്ണമായും എണ്ണയുടെകയറ്റുമതിയെ ആശ്രയിപ്പാൻ നിർബന്ധിതമാക്കി. എന്നാൽ കയറ്റുമതിയിൽ നിന്നുംലഭിക്കുന്ന ലാഭം രാജ്യ പുരോഗതിക്കു പ്രയോജനം ചെയ്യാതെ ചില സമ്പന്നരുടെ കൈകളിൽഎത്തുന്നു. കൂടാതെ ആഭ്യന്തര പ്രശ്നങ്ങൾ, തീവ്രവാദം എന്നിവ രാജ്യത്തെ പുരോഗതിക്കു ഭംഗംവരുത്തുന്നു.

നൈജീരിയൻ ജനസംഖ്യ ക്രിസ്തീയതയ്ക്കുംഇസ്ലാംമിനുമിടയിൽസമതുലിതമായി വിഭജിക്കപ്പെട്ടിരിക്കുന്നു. തദ്ദേശീയമതം പിന്തുടരുന്ന ചെറിയൊരുശതമാനം ജനങ്ങളും ഇവിടെ ഉണ്ട്. രാജ്യത്ത് ഇസ്ലാം ക്രൈസ്തവ ബന്ധം വഷളായി തുടരുന്നതിനാൽ ഇരുവിഭാഗക്കാരും ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നു. എന്നാൽ പ്രതികുലങ്ങളുടെ ഇടയിലും ദൈവസ്നേഹം ജനഹൃദയങ്ങളിൽ എത്തിക്കുവാൻ വെമ്പുന്ന അനേക വിശ്വാസികൾ നൈജീരിയയിൽ ഉണ്ട്. നൈജീരിയയിൽ സമാധാനം ഉണ്ടാകേണ്ടതിനായി പ്രാർഥിക്കുക.

**സംസ്ഥാനം : രാജസ്ഥാൻ**
**തലസ്ഥാനം : ജയ്പുർ**
**മുഖ്യമന്ത്രി : ശ്രീമതി വസുന്ധര രാജെസിന്ധ്യ**



വിസ്തൃതിയുടെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമാണ് രാജസ്ഥാൻ. രജപുത്രരുടെ നാട് എന്നർത്ഥം വരുന്ന രജപുത്താന എന്ന പഴയ പേരിൽ നിന്നാണ് രാജസ്ഥാൻ ഉണ്ടായത്. മരുഭൂമികളും കൊടുംകാടുകളും ഒരുപോലെ ഉൾക്കൊള്ളുന്ന സവിശേഷ ഭൂപ്രകൃതിയാണ് ഈ സംസ്ഥാനത്തിന്റേത്. ഇന്ത്യയിലെ ഏറ്റവും വലിയ മരുഭൂപ്രദേശമായ ഥാർ മരുഭൂമിയുടെ ഭൂരിഭാഗവുംരാജസ്ഥാനിലാണ്. ലോകത്തിലെതന്നെ ഏറ്റവും പഴക്കമേറിയ പർവ്വതനിരകളിലൊന്നായ ആരവല്ലിയും അതിലെ പ്രശസ്ത കൊടുമുടിയായ മൗണ്ട് അബുവു ംരാജസ്ഥാനിലാണ്. ആരവല്ലിമലനിരകളുടെ പടിഞ്ഞാറുവശത്താണ് ഥാർമരുഭൂമിസ്ഥിതിചെയ്യുന്നത്. ആരവല്ലിയുടേകിഴക്കുവശംകൂടുതൽ ഫലഭൂയിഷ്ടമായതുംആൾത്താമസമേറിയ പട്ടണങ്ങൾ നിറഞ്ഞതുമാണ്.

ജാതിവ്യവസ്ഥ പിൻതുടരുന്ന സംസ്ഥാനങ്ങളിൽഒന്നാണ് രാജസ്ഥാൻ. സംസ്ഥാനത്തെ വിവിധ ജില്ലകളിൽസുവിശേഷ പ്രവർത്തനങ്ങൾ നടക്കുന്നു. എന്നാൽ അനേക സ്ഥലങ്ങളിൽ പ്രവർത്തനങ്ങളോ, പ്രവർത്തകരോ ഇല്ലാത്ത സാഹചര്യം മനസ്സിലാക്കാൻ സാധിച്ചു. സുവിശേഷഘോഷണത്തിന് ഉത്തമമായ ഡിസംബർ മാസത്തിൽ (ലോകം ക്രിസ്തുമസ് ആഘോഷിക്കുന്ന മാസം) വിവിധ കൂടിവരവുകൾ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, സ്ഥലങ്ങളിലും സുവിശേഷവിരോധികൾശക്തമായ എതിർപ്പുകൾ കൊണ്ടുവന്നു കൂടിവരവുകൾ നടത്തുവാൻ തടസ്സം നിൽക്കുന്നു. കാരണം കൂടാതെ ദൈവദാസന്മാരെ തടവിൽ ആക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. ദൈവജനം രാജസ്ഥാനെ ഓർത്ത് പ്രാർഥിക്കുക. സംസ്ഥാനത്തു നടക്കുന്ന എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങലുടെയും, പ്രവർത്തകരുടെയും സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. സംസ്ഥാനത്തിന്റെ ഭരണകർത്താക്കളെയും ഓർത്ത് പ്രാർഥിക്കുക.






പാസ്റ്റർ ജി.പി. നിശ്ചൽ റോയി
തിരുവനന്തപുരം

# യോശുവ

*അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!*

പഴയനിയമത്തിലെ ആറാമത്തേയും ചരിത്രപുസ്തകത്തിലെ ആദ്യത്തേതുമാണ് യോശുവയുടെ പുസ്തകം. എബ്രായ ബൈബിളിൽ കനാൻ ആക്രമണം മുതൽ പ്രവാസം വരെയുള്ള യിസ്രായേൽ ചരിത്രം ഉൾകൊള്ളുന്ന 'മുൻപ്രവാചകന്മാരിൽ' ഒന്നാമത്തേതാണിത്. ന്യായാധിപന്മാർ, ശമുവേൽ, രാജാക്കന്മാർ എന്നീ മൂന്ന് പുസ്തകങ്ങളോടുകൂടി യോശുവയുടെ പുസ്തകം ചേർത്തു അവയ്ക്ക് യഹൂദാറബ്ബിമാർ പൂർവ്വപ്രവാചകന്മാർ എന്ന് നാമകരണം ചെയ്തിരുന്നു. ഈ ഗ്രന്ഥത്തിൽ യോശുവയുടെ ചരിത്രം വിശദമായി പ്രതിപാദിച്ചിരിക്കയാലാണ് ഈ പുസ്തകത്തിന് യോശുവ എന്ന് പേരുണ്ടായത്. ഇത് ന്യായപ്രമാണ കാലത്തെ ചരിത്രം മുഴുവൻ വിവരിക്കുന്ന മറ്റൊരു വലിയഗ്രന്ഥത്തിന്റെ ഭാഗമാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

ഉദ്ദേശത്തിലും ഭാഷയിലും യോശുവയിൽ ആവർത്തനപുസ്തകത്തിന്റെ ശക്തമായ പ്രഭാവം നിഴലിക്കുന്നുണ്ട്. അതിനാൽ പഞ്ചഗ്രന്ഥത്തിന്റെ രേഖാപഗ്രഥനരീതി യോശുവയിലും വ്യാപിച്ച് ഒരു ഷഡ്ഗ്രന്ഥസിദ്ധാന്തം ചിലർ അവതരിപ്പിച്ചു. അവരുടെ നിഗമനമനുസരിച്ച് പഞ്ചഗ്രന്ഥത്തിന്റെ തുടർച്ചയായ യോശുവ, J (Jehovistic), E(Elohistic), D(Deuteronamic), P(Priestly) എന്നീ നാലു രേഖകൾ ചേർത്ത് ആഇ 900 നും 400നും ഇടയ്ക്ക് എഴുതപ്പെട്ടു എന്നാണ്. ഈ വാദത്തിന്റെ കഴമ്പില്ലായ്മയുടെ പ്രധാന കാരണങ്ങൾ: ശമര്യരുടെ ബൈബിൾ പഞ്ചഗ്രന്ഥം മാത്രമാണ് ആദ്യത്തെ 5 പുസ്തകങ്ങളോടൊപ്പം യോശുവയും ചേർന്നു എന്നതാണ്. ഏകമായിരുന്നെങ്കിൽ ശമര്യർ ഷഡ്ഗ്രന്ഥത്തെ തങ്ങളുടെ ബൈബിളിലേക്ക് സ്വീകരിക്കുമായിരുന്നു. സെപ്റ്റുവജന്റിൽ യോശുവയുടെ പുസ്തകം പ്രവാചകന്മാരിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## *എഴുതിയകാലം:*

BC 1645 നും 1616 നും ഇടയിലുള്ള കാലഘട്ടത്തിലെ സംഭവങ്ങൾ അടങ്ങുന്ന യോശുവയിലെ ഭാഗങ്ങൾ ഗിൽഗാലിൽവച്ച് എഴുതിയിരിക്കാം എന്നാണ് നിഗമനം. യോശുവയുടെ മരണശേഷമുള്ളത് ആര്, എവിടെ വച്ച് എഴുതി എന്നുള്ളത് അജ്ഞാതമാണ്. യെഹൂദാ പാരമ്പര്യം പറയുന്നത് 24:29-32 വരെ എലയാസരും 33-ാം വാക്യം ഫിനഹാസും എഴുതിയെന്നാണ്.

## *ഗ്രന്ഥകാരൻ:*

പ്രധാനകഥാപാത്രത്തിന്റെ പേരിലാണ് ഗ്രന്ഥം അറിയപ്പെടുന്നത്. ഗ്രന്ഥകർതൃത്വത്തെക്കുറിച്ച് അഭിപ്രായ ഐക്യമില്ല. പരമ്പരാഗത വിശ്വാസമനുസരിച്ച് യോശുവയുടെ മരണശേഷം അധികം കഴിയുന്നതിനുമുമ്പ് മറ്റാരെങ്കിലുമോ ഈ പുസ്തകം എഴുതിയെന്ന് വിശ്വസിക്കപ്പെടുന്നു. യോശുവയുടെ പുസ്തകം 24:26-ാം വാക്യം അടിസ്ഥാനമാക്കി 24:28 വരെയുള്ളത് യോശുവ തന്നെ എഴുതിയെന്ന് അനുമാനിക്കാം. പുസ്തകത്തിൽ പരാമർശിക്കുന്ന അനേക കാര്യങ്ങൾ ദൃക്സാക്ഷി എന്ന നിലയിൽ യോശുവ എഴുതി എന്നതിൽ തർക്കമില്ല(1:10-18, 2:1, 3:1-17).

## *പ്രധാനവ്യക്തികൾ:*

*1. യോശുവ* – വേദപുസ്തകത്തിന്റെ ഏടുകൾ പരിശോധിച്ചാൽ 4 യോശുവമാരെ നമുക്ക് കാണാൻ കഴിയും. അതിൽ ആദ്യത്തേത് മോശയുടെ തോഴനും യിസ്രായേലിന്റെ ആദ്യസേനാനായകനും പിൽക്കാലത്ത് യിസ്രായേലിന്റെ നേതാവുമായിമാറിയ ഹോശയ എന്ന് മറുപേരുള്ള യോശുവ. എഫ്രയീം ഗോത്രത്തിന്റെ തലവനായിരുന്ന എലിശാമയുടെ ചെറുമകനും നൂനിന്റെ മകനുമാണീ യോശുവ. 'യഹോവ രക്ഷയാകുന്നു' എന്നാണ് ഈ പേരിന്റെ അർത്ഥം.

*2. കാലേബ്:*
സത്യവേദപുസ്തകത്തിന്റെ കടലാസുകളിൽ പരതിനോക്കിയാൽ 3 കാലേബുമാരെ നമുക്ക് കാണാൻ കഴിയും. അതിൽ ഒന്നാമനാണ് ഈ കാലേബ്. യിസ്രായേലിന്റെ ശത്രുക്കളിൽ ഒരു വിഭാഗമായിരുന്ന ഏദോംവംശത്തിൽപ്പെട്ട യഫുന്നയുടെ മകൻ. പിൽക്കാലത്ത് യഹൂദഗോത്രത്തിന്റെ തലവനായ് മാറിയവൻ. യോശുവയുടെ സന്തതസഹചാരി. ദേശം ഒറ്റുനോക്കുവാൻ പോയവരിൽ പ്രധാനി.

*3. രാഹാബ്:*
യെരിഹോവിലെ പട്ടണമതിലിൽ പാർത്തിരുന്ന, സാമൂഹികവ്യവസ്ഥിതികളെ ഒരു ലൈസൻസും ഇല്ലാതെ കൈകാര്യം ചെയ്തവൾ. ലിനൻ നിർമ്മിക്കുകയും ചായം മുക്കുകയും ചെയ്തിരുന്നവൾ. യിസ്രായേലിന്റെ ദൈവമായ യഹോവയെ ഭയപ്പെട്ട് യോശുവ കനാൻ ഒറ്റു നോക്കുവാൻ അയച്ച രുപേരെ വീട്ടിൽ കൈകൊള്ളുകയും തൻ നിമിത്തം യിസ്രായേലിൽ ദേശവിഭജനത്തിൽ അവകാശം ലഭിച്ചവൾ. യേശുക്രിസ്തുവിന്റെ മുതുമുത്തശ്ശി എന്ന് പേരെടുത്തവൾ. യിസ്രായേൽ വംശാവലിയിൽ പേരുചേർക്കപ്പെട്ട 4 വനിതകളിൽ ഒരാൾ.

## *പുസ്തകവിഭജനം:-*

1. വാഗ്ദത്ത നാട്ടിലേക്കുള്ള പ്രവേശനം – 1:1-5:15
2. വാഗ്ദത്തനാട് കീഴടക്കുന്നു – 6:1-12:24
3. വാഗ്ദത്ത ദേശത്തിന്റെ വിഭജനം – 13:1-22:34
4. യോശുവയുടെ അന്ത്യസന്ദേശവും മരണവും – 23:1-24:33

കാര്യ വിചാരം

# ഏകമുഖരും ദ്വിമുഖരും

.....1 -ാം പേജിൽ നിന്നും തുടർച്ച

സണ്ണി തോമസ്, പുതുപ്പള്ളി

Something wrong somewhere! ഒരുവൻ മറ്റവന്റെ ബലഹീനത മുതലാക്കുമ്പോൾ അന്യായം നേരിടുന്നു. കൂട്ടുകാരനെ വഞ്ചിച്ചിട്ട് അതു കളി എന്നു പറയുന്ന മനുഷ്യൻ തീകൊള്ളികളും അമ്പുകളും മരണവും എറിയുന്ന ഭ്രാന്തനെപ്പോലെയാകുന്നു. വ്യാജത്താൽ നേടിയ ആഹാരം മനുഷ്യനു മധുരം: പിന്നത്തേതിലോ അവന്റെ വായിൽ ചരൽ നിറയും. സത്യം പറയുന്ന അധരം എന്നേക്കും നിലനിൽക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളു. സത്യം മാറുന്നില്ല, സത്യവാൻ വാക്ക് മാറ്റുകയുമില്ല. ദൈവം അസത്യത്തെ വെറുക്കുന്നു. ഇരു വാക്കുകാർ (two-faced) ആകരുത്. നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നിരിക്കട്ടെ.

ഹൈപ്പർ മാർക്കറ്റൽ ബാക്കി പത്തു രൂപ അഭിമാനത്തോടെ ഉപേക്ഷിച്ചു പോകുന്നവൻ പാതയോരത്തെ പാവം വല്യമ്മയുടെ ചീരക്കു രണ്ടു രൂപ വിലപേശുന്നു. Someone wrote "My father used to buy simple goods from poor people at high prices, even though he did not need them. Sometimes he even used to pay extra for them. I got concerned by this act and asked him why does he do so ? My father replied "It's a charity wrapped with dignity, my child". വിൽക്കുമ്പോഴും വാങ്ങുമ്പോഴും മാത്രമല്ല, എളിയവനോടു അവൻ എളിയവനാകകൊണ്ടു കവർച്ച ചെയ്യരുത്; അരിഷ്ടനെ പടിവാതിൽക്കൽ വെച്ചു പീഡിപ്പിക്കുകയും അരുത്. യഹോവ അവരുടെ വ്യവഹാരം നടത്തും; അവരെ കൊള്ളയിട്ടവരുടെ ജീവനെ കൊള്ളയിടും. ദയാകടാക്ഷമുള്ളവൻ അനുഗ്രഹിക്കപ്പെടും; അവൻ തന്റെ ആഹാരത്തിൽ നിന്നു അഗതിക്കു കൊടുക്കുന്നുവല്ലോ. കള്ളൻ വിശന്നിട്ടു വശപ്പടക്കുവാൻ മാത്രം കട്ടാൽ ആരും അവനെ നിരസിക്കുന്നില്ല. വിശപ്പിനു അൽപ്പം ആഹാരം മോഷ്ടിച്ച മാനസിക വൈകല്യമുള്ള അട്ടപ്പാടിയിലെ മധുവിനെ തല്ലിക്കൊന്നവരുടെ വികാരം എന്തായിരുന്നു? എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും. നിങ്ങൾ തമ്മിൽ തമ്മിൽ അന്യായം ചെയ്യരുത്; നിന്റെ ദൈവത്തെ ഭയപ്പെടേണം. ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി ഉണ്ടായിരിപ്പാൻ ഇടവരും.

ശലോമോൻ പറയുന്നതു ആരെക്കുറിച്ചാണ്, എന്തിനെക്കുറിച്ചാണ് ? കേവലം സാധനങ്ങൾ വിൽക്കുന്നവരേം വാങ്ങുന്നവരേം കുറിച്ചു മാത്രമാണോ? സ്ത്രീധനത്തിന്നു വിലപേശുന്നവർ, അവകാശം പങ്കിടുന്നവർ, പ്രൊമോഷനും നേതൃസ്ഥാനത്തിന്നും വേണ്ടി വടം വലിക്കുന്നവർ, കൂട്ടുകാരന്റെ ഉയർച്ചയിൽ അസൂയപ്പെടുന്നവരും അവനെ ഒതുക്കുവാൻ ശ്രമിക്കുന്നവരും, ഇവരൊക്കെ ഈ ഫോർമുല വളരെ വിദഗ്ദമായി തിരിച്ചും മറിച്ചും ഉപയോഗിക്കാറുണ്ട്. മറ്റുള്ളവരെ തന്നെക്കാൾ മികച്ചവരെന്നും, സ്വന്തനന്മ മാത്രമല്ല മറ്റുള്ളവന്റെ നന്മയും കൂടെ കരുതണം എന്നൊക്കെ നാം സാവധാനം മറന്നുപോകുന്നു.

സൻബല്ലത്തും തോബിയാവും പ്രയോഗിച്ചതും ഇതേ കൗശലത്തിന്റെ ഒരു തുറന്ന പതിപ്പായിരുന്നു. 'ഈ ദുർബ്ബലന്മാരായ യഹൂദന്മാർ എന്തു ചെയ്യുവാൻ പോകുന്നു? ഒരു ദിവസംകൊണ്ടു പണി തീർത്തുകളയുമോ ? വെന്തുകിടക്കുന്ന ചണ്ടിക്കൂമ്പാരങ്ങളിൽ നിന്ന് അവർ കല്ലു ജീവിപ്പിക്കുമോ, അവർ എങ്ങനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടു വീഴും'. എന്നാൽ ദൈവകരത്തിന്റെ ആനുകൂല്യവും ജനത്തിന്റെ ഉത്സാഹവും അതിനെയൊക്കെ ജയിക്കുന്നതായിരുന്നു.

ഇതിന്റെ മറുവശം കാക്കയുടെ ചുണ്ടിലിരുന്ന മാംസക്കഷണം തട്ടിയെടുക്കുവാൻ കാക്കയെ പ്രശംസിച്ച കുറുക്കൻ പറഞ്ഞുതരുന്നു. പാട്ടിന്റെ ആരംഭത്തിൽത്തന്നേ മാംസക്കഷണം കിട്ടിയ കുറുക്കനുണ്ടോ കാക്കയുടെ പാട്ടു കേൾക്കാൻ നിൽക്കുന്നു 'ഹും...എന്റെ കാക്കേ...നീ ഇത്ര മണ്ടനായിപ്പോയല്ലോ'. 'കൊള്ളാം, വളരെ നന്നായിരിക്കുന്നു... മിടുക്കൻ...' എന്നൊക്കെ ഉച്ചത്തിൽ പ്രശംസിക്കുമ്പോൾ കുറുക്കനും കാക്കയും ചിന്തിക്കുക എന്തിനുവേണ്ടിയാണിതൊക്കെ. കൂട്ടുകാരനോടു മുഖസ്തുതി പറയുന്നവൻ അവന്റെ കാലിന്നു ഒരു വലവിരിക്കുന്നു. അവന്റെ വായ വമ്പു പറയുന്നു; കാര്യസാധ്യത്തിനായി അവർ മുഖസ്തുതി പ്രയോഗിക്കുന്നു.

മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവീൻ. സക്കായിക്കു കാര്യം പിടികിട്ടി. കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കി കൊടുക്കുന്നു.

# കർത്താവിൽ നിദ്ര പ്രാപിച്ചവർ

## തങ്കമണി എസ് (65)

ഫെയിത്ത് ഹോം, FFRA-A7, പോളയത്തോട്, കൊല്ലം

(ബഹറിൻ ശാരോൻ ഫെല്ലോഷിപ്പ് സഭാംഗം ബ്രദർ രാജേഷ് പീറ്ററിന്റെ മാതാവ്)





# "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ൈലനി ൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ്, കുവൈറ്റ്, നേപ്പാൾ, അയർലന്റ്, തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കുന്നു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺ ലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**





# വെളിപ്പാട് - ഒരു ലഘുപഠനം

## ബോബി തോമസ് മാഞ്ഞൂരാൻ



ബൈബിൾ ഭാവികാലപ്രവചന പുസ്തകങ്ങളിലെ പ്രതീകാത്മക വിവരണങ്ങൾക്ക് ലളിതമായ ശൈലിയിൽ ഒരു വിശദീകരണം...

ഇനിയും നിറവേറാനുള്ള പ്രവചനങ്ങളെ യിസ്രായേൽ, ദൈവസഭ, ലോകജനത എന്നീ മൂന്നു വിഭാഗമായി തിരിച്ചു മനസിലാക്കുവാൻ സഹായിക്കുന്ന പ്രഥമരേഖ...

ഇന്നുവരെ ലഭ്യമായിട്ടുള്ള ഭാവികാല പ്രവചന പഠനഗ്രന്ഥങ്ങൾ അപഗ്രഥിച്ചു ഒന്നര പതിറ്റാണ്ടിന്റെ പഠനവഴിയിൽ രുപപ്പെട്ട അമൂല്യഗ്രന്ഥം... വേദപുസ്തക ഭാവിശാസ്ത്രത്തിന്റേയും ലോകചരിത്രത്തിന്റേയും പശ്ചാത്തലത്തിൽ ആധുനിക കാലഗതി തിരിച്ചറിഞ്ഞ് തയ്യാറാക്കിയ പുസ്തകം...

മാത്രമല്ല വെളിപ്പാട് പുസ്തകത്തിൽ കാണുന്ന 1,44,000 പേർ ആര്? ഹർമ്മഗദ്ദോൻ, ഗോഗ്-മാഗോഗ് യുദ്ധങ്ങൾ, തേജസ്സിന്റെ സിംഹാസനം, വെള്ളസിംഹാസനം, യേശുവിന്റെ രഹസ്യ പരസ്യ പ്രത്യക്ഷതകൾ തുടങ്ങി വിവിധ വിഷയങ്ങൾക്ക് അവ്യക്തതകൾ ഇല്ലാതാക്കുന്ന വിവരണം...

Copies Availabe in Bahrain
Please contact: **+973 39775576**

# STUDY IN CANADA

Canada has always been the choicest destination of people from all around the world. Among the multiple reasons why international students flock towards Canada for higher education lays the underlying fact that the government of Canada encourages the students to work and obtain Permanent Residence status of Canada upon completion of their studies.

The fact that Canada has been consistently voted among the best 5 countries in the world to live, pollution free environment, high standard of living, safe and welcoming society, political stability, education credentials valid around the world are a few important reasons that prompts students to move to Canada. Historically low Canadian Dollar rate also makes studying in Canada more affordable.

*To learn more about the merits of studying in Canada, you are encouraged to reach the office of Zaria Chase & Associates in Bahrain at +973 3667 3316 or through their website www.zariachase.com.*




**ZARIA CHASE & ASSOCIATES**
11th Floor, Al Salam Tower, Diplomatic Area, Kingdom of Bahrain
Tel. +973 17 531 865 (Office) +973 3667 3316 (Cell),
Fax: +973 17 536 244, E-mail: info@zariachase.com
www.zariachase.com





HH STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative

فينكس للتسويق والابداع ذ.م.م
PHOENIX
MARKETING & CREATIONS W L L

**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only